# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVMBP1/30/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ ജനറൽ, തിരുവനന്തപുരം

നമ്പർ: KSATVMBP1/30/2022 തീയ്യതി: 07/03/2022

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 03-12-2021 | 10-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-12-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. എസ് ബിന്ദു | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. ധീരജ് മാത്യു ജെ ജെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദിഷാ മണിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.അശോകൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 06-11-2019 |
| ശ്രീ. അഖിൽ ഹരി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-11-2019 | 30-11-2019 |
| ശ്രീ. അരുൺ ജെ പ്രതാപ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2019 | 22-01-2020 |
| ശ്രീമതി.ദീപ്തി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-01-2020 | 31-03-2020 |
| ശ്രീമതി. മാലതി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-07-2019 |
| ശ്രീമതി ശശികല | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-08-2019 | 25-08-2019 |
| ശ്രീമതി മേരിസുധ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-10-2019 | 31-03-2020 |
| ശ്രീമതി താര വി | ശിശുവികസന പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. വഷിതഗുണസെൽവി | മെഡിക്കൽ ഓഫീസർ സി എച്ച് സി വിഴിഞ്ഞം | 01-04-2019 | 31-03-2020 |
| ഡോ. അജിത്ത് വൈ എ | മെഡിക്കൽ ഓഫീസർ വെൺപകൽ സി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. ആനി ടിങ്കിൾ തോമസ് | മെഡിക്കൽ ഓഫീസർ പൂല്ലുവിള സി എച്ച് സി | 01-04-2019 | 24-06-2019 |
| ഡോ. ജിഷ ആർ എസ് | മെഡിക്കൽ ഓഫീസർ പൂല്ലുവിള സി എച്ച് സി | 25-06-2019 | 30-09-2019 |
| ഡോ. സുനിത എൻ | മെഡിക്കൽ ഓഫീസർ പൂല്ലുവിള സി എച്ച് സി | 01-10-2019 | 29-02-2020 |
| ഡോ.മംഗള | മെഡിക്കൽ ഓഫീസർ പൂല്ലുവിള സി എച്ച് സി | 01-03-2020 | 31-03-2020 |
| ശ്രീ. ഷിബു ഷൈൻ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ബാലചന്ദ്രൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. ജയരാജ് കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 09-06-2019 |
| ശ്രീ. എസ് ആർ മനോജ് | പട്ടികജാതി വികസന ഓഫീസർ | 10-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Biji T (Computer Assistant, On 20-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-03-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Amala Dev (Auditor, On 03-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-01-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 31-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-01-2022) | 1-7 |
| 8 | വരവ് തുകകൾ അക്കൗണ്ട് ചെയ്യുന്നതിൽ വ്യക്തതയില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-03-2022) | 1-8 |
| 9 | ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടുകൾ റീകൺസിൽ ചെയ്തിട്ടില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 05-03-2022) | 1-9 |
| 10 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തിപൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല 1096476/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 02-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-10 |
| 11 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കാലതാമസം<br>Written By: BINDHULATHA BP (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-11 |
| 12 | പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് - ചെലവ് വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: Sosamma.S (Audit Officer, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-12 |
| 13 | വക്കീൽ ഫീസിൽ നിന്നും ശ്രോതസ്സിലുള്ള ആദായനികുതി കുറവു വരുത്തിയില്ല<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-13 |
| 14 | ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-14 |
| 15 | സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ ദിവസവേതന നിയമനം<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-15 |
| 16 | ഐറ്റി എക്സ്പർട്ടിനു തുക അനുവദിച്ചത് മാനദണ്ഡം വ്യക്തമല്ല. | 1-16 |

| | | |
|---|---|---|
| | Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | |
| 17 | വാഹനങ്ങൾ/ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-17 |
| 18 | കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് ഒടുക്കിയത് - രേഖകൾ ലഭ്യമല്ല 4658/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-03-2022) | 1-18 |
| 19 | സംസ്ഥാനത്തിനു പുറത്തേക്കുള്ള യാത്രക്ക് സർക്കാർ അനുമതി നേടിയില്ല – 9599/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-19 |
| 20 | പദ്ധതിയിൽ ഉൾപ്പെടുത്താത്ത തനത് ചെലവുകൾ<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-20 |
| 21 | HMC ആധുനികവൽക്കരണം - പദ്ധതി തുക ചെലവഴിച്ചതിൽ അപാകത<br>Written By: Sosamma.S (Audit Officer, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-21 |
| 22 | സോളാർ പാനൽ - അധികമായി ഉൽപ്പാദിപ്പിച്ച വൈദ്യുതി കെ എസ് ഇ ബിയ്ക്ക് നൽകിയതിന്റെ തുക സമയബന്ധിതമായി ലഭിക്കുന്നില്ല – പദ്ധതി ലക്ഷ്യപ്രാപ്തി ഭാഗികം<br>Written By: Sosamma.S (Audit Officer, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-03-2022) | 1-22 |
| 23 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 1,32,000 /- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-23 |
| 24 | മട്ടുപ്പാവിൽ ഗ്രോ ബാഗിൽ പച്ചക്കറി കൃഷി -ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവ് ചെലവുപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-24 |
| 25 | ബഡ്സ് സ്കൂളിന് തെറാപ്പി ഉപകരണങ്ങളും ലാപ്ടോപ്പും- പദ്ധതി നിർവഹണത്തിലെ അപാകതകൾ - 330659/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-25 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-26 |
| 27 | മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ് സി പി) - രേഖകൾ ഹാജരാക്കിയില്ല- 10,10,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 05-03-2022) | 1-27 |
| 28 | എം.എൻ.ആർ.ഇ.ജി.എസ്. അഡ്മിൻ ഫണ്ടിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭ്യമായതിനു രേഖകളില്ല – 12214/- രൂപ തടസ്സം ചെയ്യുന്നു.<br>Written By: Asha G R (Senior Grade Auditor, On 31-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-28 |

| | | |
|---|---|---|
| 29 | വനിതാ ഗ്രൂപ്പുകൾക്കുള്ള ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കൽ , തൊഴിൽ സംരംഭം- രേഖകൾ ലഭ്യമാക്കിയില്ല , 2,50,000 /- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-29 |
| 30 | സ്നേഹസ്പർശം- വിനിയോഗ സാക്ഷ്യപത്രം , അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല 17,56,875 /- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Asha G R (Senior Grade Auditor, On 19-12-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-30 |
| 31 | മാലിന്യ നിർമാർജന പദ്ധതി- മസ്റ്റർ റോൾ ,ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Amala Dev (Auditor, On 01-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-31 |
| 32 | സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി - വാഹനവാടക നൽകിയതിൽ അപാകത<br>Written By: Amala Dev (Auditor, On 01-01-2022)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 05-03-2022) | 1-32 |
| 33 | ഖരമാലിന്യ നിർമ്മാർജ്ജനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ- 1,90,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Amala Dev (Auditor, On 01-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-33 |
| 34 | സ്റ്റോക്ക് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല.<br>Written By: Amala Dev (Auditor, On 01-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-34 |
| 35 | എയ്റോബിക് വേസ്റ്റ് സംസ്കരണ യൂണിറ്റ് നിർമ്മാണത്തിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Sosamma.S (Audit Officer, On 02-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-35 |
| 36 | PMAY ഭവന നിർമ്മാണ പദ്ധതി - വാർഷിക ധനകാര്യ പത്രകയിലേയും, ചെലവ് പത്രകയിലേയും വരവ് ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല – ചെലവ് രേഖകൾ ലഭ്യമാക്കിയില്ല 2087600/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Sosamma.S (Audit Officer, On 02-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-01-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 05-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-01-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sosamma.S (Audit Officer, On 06-01-2022)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 05-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 01-01-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-03-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

(എ) ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 14.02.2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നം 1 പ്രകാരം അംഗീകരിച്ചു. 1,00,17,66,970/- രൂപ വരവും 1,00,04,80,860/- രൂപ ചെല വും നീക്കിയിരിപ്പ് 12,86,110/- ഉം പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അംഗീകരിച്ചത്.

വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

(ബി) വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല
1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. ബജറ്റ്ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 2/04.12.2021)

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 27.05.2020 | | _ |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ സാംഖ്യ പേമെന്റ് നം. രേഖപ്പെടുത്തിയിട്ടില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

3. Stock In Hand (Inventories) മൂല്യം സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2020 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

6. വാർഷിക കണക്കുകൾ പ്രകാരം ബി11(എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നത് 1129179 ആണ്. എന്നാൽ എ.ഇ. യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 0 ആണ്.

7. തൻ വർഷ ആകെ ആസ്തി B11 (37490784) - മുൻ വർഷ ആകെ ആസ്തി B11 (36024894) എന്നത് തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ RP38(1444200) മായി പൊരുത്തപ്പെടുന്നില്ല.

8. SECC IOB 074001000012996 അക്കൗണ്ടിലെ നീക്കിയിരുപ്പായ 4790.25 രൂപ അക്കൗണ്ട് അവസാനിപ്പിച്ച് ഐ.ഒ.ബി. മിസലേനിയസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് ഇതുവരെയും ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല.

9. മുൻ വർഷ വാർഷിക കണക്കുകൾ പ്രകാരം ഇ.എം.എസ്. വായ്പ കുടിശ്ശിക 1178234/- രൂപയാണ്. ടി കുടിശ്ശിക കരുംകുളം ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ. യുടെ ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക ഉപയോഗിച്ച് അവസാനിപ്പിച്ചിട്ടുണ്ട്. വായ്പ തുക അടവ് വിശദാംശങ്ങൾ വാർഷിക കണക്കിൽ

ഉൾപ്പെടുന്നില്ല. മുൻവർഷ ബി-5 ൽ ഇ.എം.എസ്. ഭവനപദ്ധതി വായ്പയുടെ കുടിശ്ശിക മാത്രമാണ് പ്രസ്താവിച്ചിരുന്നത്. ഐ.എ.വൈ വായ്പ സംബന്ധിച്ച വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഐ.എ.വൈ വായ്പ രജിസ്റ്റർ പ്രകാരം 31.03.2020 ലെ വായ്പകുടിശ്ശിക 3,09,281/- രൂപയാണ്. തൻ വർഷ വാർഷിക കണക്കിലും പ്രസ്തുത വിവരം ഉൾപ്പെട്ടിട്ടില്ല.

10. വരവുകൾ ശരിയായ ഹെഡിൽ ബുക്ക് ചെയ്യുന്നില്ല.

11. സംയുക്ത പദ്ധതിക്കായുള്ള ഫണ്ട് വരവ്, ചെലവ്, നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

| | മുന്നിരുപ്പ് | വരവ് (ആർ.പി. പ്രകാരം) | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് |
|---|---|---|---|---|
| വില്ലേജ് പഞ്ചായത്ത് വിഹിതം | - | 3877882 | 0 | 608832 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | - | 4253820 | 0 | 3239793 |

12. എം.ജി.എൻ.ആർ.ഇ.ജി.എസ്. വരവ്, ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിലുൾപ്പെടുത്തുന്നില്ല. (ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരുപ്പ് (277538.36), വരവ്(933250), ചെലവ്(682090), നീക്കിയിരുപ്പ്(531119) ).

13. ഇ ടെണ്ടർ ഫാറവിലയിനത്തിൽ ലഭിക്കാനുള്ള തുക ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഫണ്ട് വിനിയോഗം

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് , ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | ലാപ്സായ തുക/ നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 42042000 | 42042000 | 20769790 | - | 21272210 | 49% |
| വികസനഫണ്ട് എസ്.സി.പി. | 0 | 14376000 | 14376000 | 5286913 | - | 9089087 | 37% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 5495000 | 5495000 | 1391336 | - | 4103664 | 25% |

* കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ ഫണ്ടുകളുടെ ചെലവ് 40% ത്തിലും താഴെയാണ്. അതായത് ബ്ലോക്ക്പഞ്ചായത്തിനു ലഭിച്ച 60% തുകയും ലാപ്സാകുകയുണ്ടായി. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിക്കാത്തതിനുള്ള കാരണം അന്വേഷിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 13/06.12.2021) സാമ്പത്തിക വർഷാവസാനം സാമ്പത്തിക നിയന്ത്രണം ഉണ്ടായിരുന്നതിനാൽ പദ്ധതികൾ ക്യൂവിൽപെട്ട് സ്പിൽഓവർ ആയതിനാലാണ് ചെലവ് ശതമാനത്തിൽ കുറവ് വന്നതെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. മേൽ ഫണ്ടിനങ്ങളിലൊന്നും തന്നെ ക്യൂബിൽ ഇല്ല. പദ്ധതി തുക വിനിയോഗിക്കുവാൻ കഴിയാത്തതിനുള്ള ശരിയായ കാരണം പരിശോധിച്ച് വിലയിരുത്തേണ്ടതും, ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 93 | 88361004/- | 54 | 27448039/- | - | 39 | 58 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 58% നടപ്പാക്കിയിരിക്കുന്നു. എന്നാൽ അടങ്കൽ തുകയുടെ 31% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത് . ഫണ്ട് ലഭ്യതയുടെ അപര്യാപ്തതയും ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ ക്യൂ ബിൽ ആയതിനാലുമാണ് പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതെന്ന് ഓഡിറ്റ് അന്വേഷണത്തിന് (7/6.12.2021) മറുപടി നൽകിയിട്ടുണ്ട്.

## 1-5 ആഭ്യന്തര നിയന്ത്രണം

വികസനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികളുടെ ലക്ഷ്യം കൈവരിക്കുന്നതിന് തുടർ നടപടികൾ ഏകോപിച്ച് നിരീക്ഷിക്കുന്നതിനുള്ള ശ്രമം ഉണ്ടാകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും ഫലപ്രാപ്തിയും നിരീക്ഷിക്കപ്പെടുന്നില്ല.

ജൈവ അജൈവ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനവും സംരക്ഷണവും നിരീക്ഷിക്കുന്നതിനും ഉദ്യേശലക്ഷ്യം കൈവരിക്കുന്നതിനും സാധിച്ചിട്ടില്ല.

പൊതു ചെലവുകളുമായി ബന്ധപ്പെട്ട വൌച്ചറുകൾ നമ്പരിട്ട സൂക്ഷിക്കുന്നില്ല. സാംഖ്യ പേയ്മെന്റ് വൌച്ചറുകളും സൂക്ഷിക്കുന്നില്ല. ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ കൃത്യമായി പരിപാലിക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചിലവ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.10.2021 To 22.10.2021 | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.07.2018 To 24.07.2018 | 2017-18 | 18.09.2018 |

## 1-8 വരവു തുകകൾ അക്കൗണ്ട് ചെയ്യുന്നതിൽ വ്യക്തതയില്ല

വരവു തുകകൾ ഏതു ഏജൻസിയിൽ നിന്നും ലഭിച്ചതാണെന്നോ, ഏതു ഹെഡിൽ വരവു രേഖപ്പെടുത്തണമെന്നോ പരിശോധിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നു.

എ) 2019-20 വാർഷിക കണക്കുകളിലെ റസീപ്റ്റ് & പേമെന്റ്സിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന വരവുകൾ ഏതൊക്കെ ഏജൻസികളിൽ നിന്നും ലഭ്യമായതാണെന്ന് വ്യക്തമല്ല.

| ഹെഡ് | വരവ് തുക | ഷെഡ്യൂൾ നം. |
|---|---|---|
| 140700199 Re-imbursement Of Other Expenses Incurred | 188147 | ആർപി 4 |
| 320100199 Centrally Sponsored Scheme-grants Fund And Contributions For Specific Purposes | 50000 | ആർപി 31 |
| 320700208 Contributions For Joint Venture Projects (For Centrally Sponsore Scheme)- From Village Panchayats | 3877882 | ആർപി 31 |
| 320700209 Contributions For Joint Venture Projects (For Centrally Sponsore Scheme)- From Block Panchayats | 4253820 | ആർപി 31 |
| 180800199 Miscellaneous Receipts | 320960 | ആർപി 10 |

വരവ് ഏത് സ്ഥാപനത്തിൽ നിന്നും, എന്ത് ആവശ്യത്തിനായി ലഭിച്ചതാണെന്ന് വിശദമാക്കുവാൻ അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/06.12.2021) കണക്കുകൾ പരിശോധിച്ച് വരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്.

ബി) വാർഷിക കണക്കുകളിലെ നീക്കിയിരുപ്പ് തുക ഏതിനത്തിലേതാണെന്ന് വ്യക്തമല്ല.

തൻ വർഷ വാർഷിക കണക്കുകളിലെ ബി-4 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ഹെഡുകളിലെ നീക്കിയിരുപ്പുകൾ ഏതിനത്തിലേതാണെന്ന് വ്യക്തമല്ല

| ഹെഡ് | വിശദാംശം | തുക |
|---|---|---|
| 320700208 | Contributions For Joint Venture Projects (For Centrally Sponsored Scheme) From Village Panchayats | 608832 |
| 320700209 | Contributions For Joint Venture Projects (For Centrally Sponsored Scheme) From Blocm Panchayats | 3239793 |

നീക്കിയിരുപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/06.12.2021) കണക്കുകൾ പരിശോധിച്ച് വരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്.

സി) വരവ് ചെലവുകൾ അതതു സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്നില്ല

I-18 Prior Period Items ഹെഡിൽ 683398/- രൂപയുടെ വരവും, 1005274/- രൂപയുടെ ചെലവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വരവ്, ചെലവുകൾ ഏതിനത്തിലേതാണെന്ന് വ്യക്തമല്ല.

വിശദാംശങ്ങൾ ലഭ്യമാക്കുവാൻ അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/06.12.2021) കണക്കുകൾ പരിശോധിച്ച് വരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്.

ഫണ്ടിന്റെ ഉറവിടം തിരിച്ച്, വരവ് ബന്ധപ്പെട്ട ഹെഡിൽ ബുക്ക് ചെയ്യാത്തതിനാൽ, ഫണ്ട് നിശ്ചിത ആവശ്യത്തിനു തന്നെ ചെലവു ചെയ്യുന്നുവെന്നും ഉറപ്പാക്കാൻ കഴിയാതെ പോകുന്നു. നീക്കിയിരുപ്പ് തുകയിലും പ്രസ്തുത അപാകത നിലനിൽക്കുന്നു. ആവശ്യത്തിലുമധികമായി ലഭ്യമാകുന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിനു തിരിച്ച് നൽകുന്നതിനും സാധിക്കാത്ത സാഹചര്യം ഉളവാക്കപ്പെടുന്നു. ഫണ്ടുകളുടെ സ്രോതസ്സ് തിരിച്ചറിഞ്ഞ് ബന്ധപ്പെട്ട ഹെഡിൽ തന്നെ ബുക്ക് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തുകകൾ ഏതൊക്കെ തുകകളാണെന്ന് വ്യക്തമാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-9 ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടുകൾ റീകൺസിൽ ചെയ്തിട്ടില്ല

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12.04.2019 തീയതിയിലെ നം.എ5/574/19/പി.എ.യു. കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ. മാരുടെ ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടിൽ തുക നീക്കിയിരുപ്പുള്ളതായും, ഇത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ ഇ.എം.എസ്. വായ്പ തിരിച്ചടവിലേക്കു ഉപയോഗിക്കുവാനും, വായ്പ ക്ലോസ് ചെയ്ത തദ്ദേശ സ്ഥാപനങ്ങളിലെ വി.ഇ.ഒ. മാരുടെ അക്കൗണ്ടിലെ തുക ട്രഷറിയിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ബാങ്ക് അക്കൌണ്ടിലെ നീക്കിയിരുപ്പ് ശൂന്യമാക്കിയ ശേഷം, പ്രസ്തുത തീയതി വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി, അതുവരെയുള്ള റീകൺസിലിയേഷൻ പൂർത്തിയാക്കിയ ശേഷം മാത്രം അക്കൌണ്ട് ക്ലോസ് ചെയ്യുന്നതിനും എല്ലാ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

സൂചന പ്രകാരം വി.ഇ.ഒ. മാരുടെ ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടിൽ നീക്കിയിരുപ്പുള്ളതായി അറിയിച്ചിരുന്ന തുകയും, ഇതിൽ വായ്പാ/ട്രഷറി ഹെഡുകളിൽ തിരികെ ഒടുക്കിയ തുകയും സംബന്ധിച്ച വിശദാംശം ചുവടെ.

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | അക്കൗണ്ട് നം. | ബാങ്ക് | 01.07.2016 ലെ നീക്കിയിരുപ്പ് | | വായ്പ/ട്രഷറി ഹെഡുകളിൽ തിരികെ ഒടുക്കിയ തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1 | അതിയന്നൂർ | 10769 | സർവീസ് സഹകരണ ബാങ്ക് നെല്ലിമൂട് | 2579 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അതിയന്നൂർ | 11183 | സർവീസ് സഹകരണ ബാങ്ക് അവണാക്കുഴി | 818235 | - | 0 |
| 3 | അതിയന്നൂർ | 8997 | സർവീസ് സഹകരണ ബാങ്ക് വെൺപകൽ | 1265300 | 14206 | 0 |
| 4 | കാഞ്ഞിരം കുളം | 10563 | സർവീസ് സഹകരണ ബാങ്ക് കാഞ്ഞിരംകുളം | 15079 | - | 17639 |
| 5 | കരുംകുളം | 4394 | സർവീസ് സഹകരണ ബാങ്ക് കരുംകുളം | 3337023 | | 3329523 (2082139 + 1247384) |
| 6 | കോട്ടുകാൽ | എസ്.ബി. എൽ.ബി. 15396 | ജില്ലാ സഹകരണ ബാങ്ക് വിഴിഞ്ഞം | 4750 | 0 | 0 |

മേൽ അക്കൗണ്ടുകളിൽ ക്രമ നം. 4, 5 അക്കൌണ്ടുകളിലെ നീക്കിയിരുപ്പ് തിരികെ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കിയെങ്കിലും, ക്രമ നം.1, 2, 3, 6 അക്കൗണ്ടുകളിലെ തുക ട്രാൻസ്ഫർ ചെയ്തതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/07.12.2021) രേഖകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

മേൽ അക്കൗണ്ടുകളുടെ പൂർണ്ണമായ സ്റ്റേറ്റ്മെന്റ്/പാസ്സ്ബുക്ക് (അക്കൗണ്ട് ഓപ്പൺ ചെയ്തതു മുതൽ, അവസാനിപ്പിച്ചതു വരെയുള്ളത്), ക്യാഷ് ബുക്ക്, റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തിപൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല 1096476/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നം. | ചെലവ് തുക | തുക നൽകിയ ഏജൻസി | ചെക്ക് നം./ ബിൽ നം. തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (60/20) | 446300/- | കേരള വാട്ടർ അതോരിറ്റി | 25/7.8.2019 | പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 2 | ഇലക്ട്രിക് പോസ്റ്റ് | 759354/- | കേരള സംസ്ഥാന | 499713/- 12/28.6.2019 | 163158/- രൂപയ്ക്ക് യു.സി ലഭ്യമായിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റൻഷൻ (58/20) | | വൈദ്യുതി ബോർഡ് | 96483/- 13/18.7.2019 | ശേഷിക്കുന്ന 596196/- രൂപയുടെ വിനിയോഗസാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. വൈദ്യുത ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| 3 | ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം (2/20) | 53980/- | ഐ.കെ.എം | 8/28.6.2019 | കൈപ്പറ്റും വിനിയോഗ വിവരവും ലഭ്യമല്ല. |

പ്രവൃത്തി പൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 8, തീയതി :06.12.2021). ആയത് ലഭ്യമാകുന്നതുവരെ 1096476/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-11 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കാലതാമസം

നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചു സംബന്ധിച്ച വിശദാംശങ്ങൾ ദീർഘകാലമായി ലഭ്യമാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ഹെഡ് | തുക കൈപ്പറ്റിയിട്ടുള്ള സ്ഥാപനം | ആകെ നിക്ഷേപിച്ചിട്ടുള്ള തുക | |
|---|---|---|---|
| | | 2018-19 വാർഷിക കണക്കുകൾ പ്രകാരം | 2019-20 വാർഷിക കണക്കുകൾ പ്രകാരം |
| 460500201 Advance To Implementing Agencies-deposit With Kerala Water Authority | കെ.ഡബ്ല്യു.എ. | 1520094 | 1966394 |
| 460500202 Advance To Implementing Agencies - Deposit With Kerala Electricity Board | കെ.എസ്.ഇ.ബി. | 1883842 | 2643196 |

മേൽ പ്രകാരം നിക്ഷേപിച്ചിട്ടുള്ളതിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അന്വേഷിച്ചതിൽ (നം. 12/06.12.2021) കെ.എസ്.ഇ.ബി.യിൽ നിന്നും 5,16,688/- രൂപയുടെ വിനിയോഗ രേഖകൾ ലഭ്യമായതായി മറുപടി നൽകി. നിക്ഷേപ പ്രവൃത്തികൾക്കായി പദ്ധതി പണം പിൻവലിച്ച് കൈമാറിയ ശേഷം പ്രവൃത്തികളുടെ നിർവഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് യാതൊരു നിരീക്ഷണവും തദ്ദേശ സ്ഥാപനം നടത്തി കാണുന്നില്ല. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്നത് നിർവഹണാധികാരിയും മോണിട്ടറിംഗ് സമിതിയും ഉറപ്പാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളിന്മേൽ കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ പട്ടിക പ്രകാരം നിക്ഷേപിച്ചു നൽകിയിട്ടുള്ള തുകയുടെ വിനിയോഗരേഖകൾ, അന്തിമബിൽ, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ അടിയന്തിരമായി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് - ചെലവ് വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് എന്നിവയ്ക്കായി 350000/- (ബിൽ നം. 2/16.5.2019) രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. എന്നാൽ ചെലവ് വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

പേര്, സ്ഥലം, തീയതി രേഖപ്പെടുത്താത്ത രസീത് പ്രകാരം മോണിറ്ററിംഗിന് 42750/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തി. എന്നാൽ 15430/- രൂപ യാത്രയ്ക്കായി ചെലവഴിച്ചതിന്റെ 12 ട്രിപ്പ് ഷീറ്റ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വാഹനം ഉപയോഗിച്ച ആളുടെ പേര് ഒപ്പ് യാത്രാ ഉദ്ദേശം മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 10/6.12.2021 ന് മറുപടിയായി വർക്ക് സൈറ്റുകൾ സന്ദർശിച്ചതുമായി ബന്ധപ്പെട്ടാണ് യാത്രകൾ നടത്തിയതെന്നും മോണിറ്ററിംഗ് റിപ്പോർട്ടുകൾ അതാത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നൽകി. ചെലവ് വിവരങ്ങൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കൃത്യമായ ചെലവ് രേഖകൾ ആധികാരികമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-13 വക്കീൽ ഫീസിൽ നിന്നും ശ്രോതസ്സിലുള്ള ആദായനികുതി കുറവു വരുത്തിയില്ല

ആദായ നികുതി നിയമം സെക്ഷൻ 194(J) പ്രകാരം 30000 രൂപയിൽ കൂടുതൽ വക്കീൽ ഫീസ് നല്കുന്ന വേളയിൽ 10% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. അഡ്വക്കേറ്റ് ഫീ ഇനത്തിൽ ശ്രീ. ബി. പ്രദീപ് നു ചെക്ക് നം.2740516/27.05.2019 പ്രകാരം 45000/- രൂപ അനുവദിച്ചുവെങ്കിലും ഇതിന് ശ്രോതസ്സിൽ വച്ച് ആദായനികുതി ഈടാക്കിയില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/08.12.2021) അറിവില്ലാത്തതിനാൽ തുക ഈടാക്കുവാൻ വിട്ടു പോയതാണെന്ന് മറുപടി നൽകി. മേൽ തുകയുടെ 10% നിരക്കിൽ ആദായ നികുതി ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 1-14 ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിക്കുന്നതിലെ അപാകതകൾ

ജനപ്രതിനിധികളുടെ യാത്രാബത്ത അനുവദിക്കുന്നതിന് 1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ ചട്ടം 7 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ല. മേൽ ചട്ടങ്ങൾ പ്രകാരം ജനപ്രതിനിധികൾക്ക് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടിയ തദ്ദേശ സ്ഥാപനത്തിന്റെ കാര്യങ്ങൾക്കായുള്ള യാത്രകൾക്കും, സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ വിളിച്ചുകൂട്ടുന്ന യോഗങ്ങൾക്കും, പരിശീലനങ്ങൾക്കും മാത്രമാണ് യാത്രാബത്തയ്ക്ക് അർഹതയുള്ളത്. പഞ്ചായത്ത് ആസ്ഥാനത്തു നിന്നും എട്ടു കിലോമീറ്ററിനകം ദൂരമുള്ള ഒരു സ്ഥലത്തുനിന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലത്തേക്കോ നടത്തിയ യാത്രകൾക്കും യാത്രാപ്പടിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്ക് യാത്രാബത്ത അനുവദിക്കുന്നതിന് യാത്രാ ഡയറി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയിട്ടുള്ള രേഖളിൽ യാത്രയുടെ തീയതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രാസമയം, ഹാൾട്ട്, യാത്ര തദ്ദേശ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കാണോ എന്നതൊന്നും വ്യക്തമല്ല. ഭരണസമിതി യാത്രയ്ക്ക് അനുമതി നൽകി കാണുന്നില്ല. ചട്ടങ്ങൾ പാലിച്ചു മാത്രം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ ദിവസവേതന നിയമനം

ബ്ലോക്ക് പഞ്ചായത്തിന് രണ്ടു വാഹനങ്ങളുള്ളതിൽ ഒന്നിൽ സ്ഥിരഡ്രൈവറും, മറ്റൊന്നിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ഡ്രൈവറുമാണ് ഉള്ളത്. താത്കാലിക ഡ്രൈവറെ നിയമിച്ചിട്ടുള്ളത് ഭരണസമിതിയുടെ 08.02.2018ലെ 3/1 തീരുമാനത്തിലൂടെയാണ്. സ.ഉ(പി)നം.28/2016/ധന തീയതി 26.02.2016, സ.ഉ(പി)നം.56/2017/ധന തീയതി 28.04.2017, സ.ഉ(പി)നം.112/2018/ധന തീയതി 21.07.2018,

സ.ഉ(അച്ചടി)നം.81/2019/ധന തീയതി 09.07.2019ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ദിവസവേതനത്തിൽ ജീവനക്കാരനെ നിയോഗിച്ചതിനു സർക്കാർ അനുമതി ലഭിച്ചതിനുള്ള രേഖകൾ ലഭ്യമാക്കുവാൻ അറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/08.12.2021) ഇൻർവ്യൂ മുഖാന്തിരമാണ് താത്കാലിക ജീവനക്കാരെ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിച്ചു. ഡ്രൈവർ തസ്തികയിലെ താത്കാലിക നിയമനത്തിന് സർക്കാർ അംഗീകാരം നേടിയതിനുള്ള രേഖകൾ ലഭ്യമായില്ല. താത്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരൻ ബ്ലോക്ക് പഞ്ചായത്തുമായി കരാർ ചമച്ചതിനുള്ള രേഖകളും പരിശോധനക്ക് ലഭ്യമായില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-16 ഐറ്റി എക്സ്പർട്ടിനു തുക അനുവദിച്ചത് മാനദണ്ഡം വ്യക്തമല്ല.

2018-19 ലെ വാർഷിക കണക്കു തയ്യാറാക്കുന്നതിലേക്ക് ഐറ്റി എക്സ്പർട്ടിനു ചെക്ക് നം. 2740559/24.07.2019 പ്രകാരം 3000/- രൂപ അനുവദിച്ചിട്ടുണ്ട്. ഐറ്റി എക്സ്പർട്ടിനെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം വ്യക്തമല്ല. പ്രസ്തുത തുകയുടെ കൈപ്പറ്റും ലഭ്യമല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/09.12.2021) മറുപടി ലഭ്യമായില്ല.

ബ്ലോക്ക് പഞ്ചായത്തുകളിൽ ഹെഡ് അക്കൗണ്ടന്റ് തസ്തിക നിലവിലുണ്ടായിട്ടും ഇപ്രകാരം ചെലവ് ചെയ്യേണ്ടി വരുന്നതിന്റെ അനൗചിത്യവും, വരവുകൾ പോലും യഥാവിധി അക്കൗണ്ട് ചെയ്യുവാൻ സാധിക്കാത്തതും ധനകാര്യ സ്ഥിരംസമിതി പരിശോധനാ വിധേയമാക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പാലിച്ച് കണക്കുകളും രേഖകളും സൂക്ഷിക്കുന്നതിനും, വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഐറ്റി എക്സ്പർട്ടിന്റെ കൈപ്പറ്റ് ലഭ്യമാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 വാഹനങ്ങൾ/ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

സ.ഉ.(സാധാ)നം.170/07തസ്വഭവ തീയതി 30.06.2007 പ്രകാരം വാഹനങ്ങളിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതും, ഇന്ധനം നിറയ്ക്കുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ KL01 AC8556, KL20 E2816 എന്നീ വാഹനങ്ങളിൽ ഇന്ധനം ഫിൽ ചെയ്യുന്നത്, ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇന്ധന തുക അനുവദിക്കുന്നതിന് ഓട്ടോമേറ്റഡ് മെഷീൻ പ്രിന്റഡ് ബില്ലുകൾ നിഷ്കർഷിക്കാതെ ക്രെഡിറ്റ്/ക്യാഷ് ബില്ലുകൾ മാത്രമാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്.

ലോഗ് ബുക്കിൽ ഒരു ദിവസത്തെ പല യാത്രകൾ ഒരുമിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യസ്ത യാത്രകൾ ബന്ധപ്പെട്ട യാത്ര നടത്തുന്ന ഉദ്യോഗസ്ഥന്റെ പേരും, യാത്രാസമയവും ഉൾപ്പടുത്തി പ്രത്യേക യാത്രകളായി രേഖപ്പെടുത്തുന്നില്ല. യാത്രയുടെ ആവശ്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/10.12.2021) ഭാവിയിൽ അപാകതകൾ ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വാഹനങ്ങളുടെ ഉപയോഗം, പരിപാലനത്തിന് സർക്കാർ ഉത്തരവിൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-18 കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് ഒടുക്കിയത് - രേഖകൾ ലഭ്യമല്ല 4658/- രൂപ തടസ്സം ചെയ്യുന്നു.

ചെക്ക് നം. 2732516/12.03.2020 പ്രകാരം ജനറൽപർപ്പസ് ഫണ്ടിൽ നിന്നും 8153/- രൂപ ചെലവു ചെയ്തിട്ടുണ്ട്. ഇതിൽ 4658/- രൂപ (2971മുതൽ+1394 പലിശ+218 കളക്ഷൻ ചാർജ്+75 ഡിമാന്റ് നോട്ടീസ് ഫീ) കുടിവെള്ള പദ്ധതിയുടെ വൈദ്യുതചാർജ് കുടിശ്ശികയിനത്തിൽ അതിയന്നൂർ വില്ലേജ് ഓഫീസറുടെ റവന്യൂ റിക്കവറി അറിയിപ്പിനെ തുടർന്ന് ഒടുക്കിയതാണ്. എന്നാൽ പ്രസ്തുത തുക ഏതു കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വൈദ്യുതി കുടിശ്ശികയാണെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/10.12.2021) ഫയൽ പരിശോധിച്ച ശേഷം മറുപടി ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി.

ഏതു പദ്ധതിക്കായുള്ള, ഏതു കാലയളവിലെ വൈദ്യുതചാർജ്ജ് ആണ് കുടിശ്ശിക വന്നത് എന്നത് വ്യക്തമല്ല. കുടിവെള്ള പദ്ധതികളുടെ ആവർത്തന ചെലവുകൾ ഗുണഭോക്തൃസമിതിയാണ് നിർവഹിക്കേണ്ടത്. മേൽ ചെലവുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയാണോയെന്നും വ്യക്തമല്ല, പിഴ ഉൾപ്പെടെ തുക ഒടുക്കേണ്ടി വന്ന സാഹചര്യവും വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ 4658/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-19 സംസ്ഥാനത്തിനു പുറത്തേക്കുള്ള യാത്രക്ക് സർക്കാർ അനുമതി നേടിയില്ല – 9599/- രൂപ

തടസ്സം ചെയ്യുന്നു.

ചെക്ക് നം. 2719430/21.11.2019 സെക്രട്ടറിക്ക് ഹൈദരാബാദിൽ വച്ച നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്തയിനത്തിലെ യാത്രാബത്തയായി 9599/- രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സ്വയം അംഗീകരിച്ചിട്ടുള്ള 21.11.2019ലെ ബി.പി.4-1452/2019 നമ്പർ നടപടിക്രമത്തിലൂടെയാണ് തുക പിൻവലിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. എന്നാൽ ടി.എ. അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിക്കുന്നതായി സ്വയം സാക്ഷ്യപ്പെടുത്തിയാണ് തുക പിൻവലിച്ചിട്ടുള്ളത്. ചെലവിന് തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ സാധൂകരണം തേടാവുന്നതാണെന്ന് നടപടിക്രമത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവിന് ഭരണസമിതി അംഗീകാരം നേടിയിട്ടില്ല.

സർക്കുലർ നം. 24935/ഇഎം1/12/തസ്വഭവ തീയതി 12.06.2012 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സംസ്ഥാനത്തിന് പുറത്തുള്ള പരിശീലനത്തിന് പങ്കെടുക്കേണ്ട അവശ്യ സാഹചര്യം ഉണ്ടാകുമ്പോൾ ഇതിലേക്കായി മുൻകൂട്ടി ലഭിച്ച ഔദ്യോഗിക ക്ഷണക്കത്തിന്റെയോ, അറിയിപ്പിന്റെയോ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടുകൂടി മാത്രം പങ്കെടുക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 19.10.2019 മുതൽ 02.11.2019 വരെ ഹൈദരാബാദിലുള്ള എൻ.ഐ.ആർ.ഡി.പി.ആർ. വച്ച് നടന്ന പരിശീലനത്തിലേക്കുള്ള യാത്രാബത്തയാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ പരിശീലനത്തിനു ലഭിച്ച ക്ഷണത്തിന്റെയോ, പരിശീലനം നേടിയതിനുള്ള രേഖകളോ, സർക്കാർ/വകുപ്പ് മേധാവിയുടെ അനുമതിയോ പരിശോധനക്കു ലഭ്യമായില്ല. സ്വന്തം ടൂർഡയറി അടിസ്ഥാനമാക്കി, ഭരണസമിതി അംഗീകാരം നേടാതെയാണ് ചെലവ് ചെയ്തിട്ടുള്ളത്. പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/10.12.2021) മറുപടി ലഭ്യമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ സർക്കാർ അനുമതി / രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരമുള്ള ചെലവു തുക 9599/- രൂപ തടസ്സം ചെയ്യുന്നു. രണ്ടു മാസത്തിനകം രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം തുക തനതു ഫണ്ടിനുണ്ടായ നഷ്ടമായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-20 പദ്ധതിയിൽ ഉൾപ്പെടുത്താത്ത തനത് ചെലവുകൾ

സ.ഉ.(എം.എസ്.)നം.72/2017/തസ്വഭവ തീയതി 29.03.2017 പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.1 വിഭവ സമാഹരണവും വകയിരുത്തലും സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്താത്ത തനത് ഫണ്ട് പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി അംഗീകാരം നേടാതെ, ഭരണസമിതി തീരുമാനം മാത്രം അടിസ്ഥാനമാക്കി തനതു ഫണ്ടിൽ നിന്നും ചെലവുകൾ നടത്തി പോരുന്നു. ഉദാഹരണമായി

എ) ചെക്ക് നം. 2740596/23.09.2019 പ്രകാരം ആർ.ആർ.എഫ്. പ്രവർത്തനത്തിന്റെ ഭാഗമായി ക്ലീൻ കേരള മിഷനു 2,06,000/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിലേക്കായി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം നേടിയില്ല.

ബി) ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി തനതു ഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം 1,56,880/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നുമുള്ള പ്രസ്തുത ചെലവുകൾക്ക് പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം നേടിയില്ല.

| ചെലവു ചെയ്ത തുക | ചെക്ക് നം./തീയതി | ചെലവു വിവരം |
|---|---|---|
| 14850 | 2719463/10.01.2020 | ഫയലുകൾ ബയന്റ് ചെയ്യുന്നതിന് എ.ബി. നിസാർ ന് അനുവദിച്ചത് |
| 14850 | 2719493/25.02.2020 | |
| 14850 | 2719438/09.12.2019 | |
| 7200 | 2719479/03.02.2020 | ഫർണിച്ചർ ഷിഫ്റ്റിംഗ് |
| 53850 | 2732515/11.03.2020 | വിവിധ ബോർഡുകൾ സ്ഥാപിച്ചതിന് |

| | | |
|---|---|---|
| 35000 | 2732520/19.03.2020 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ |
| 16280 | 2719472/30.01.2020 | ദിവസവേതന ടൈപ്പിസ്റ്റിന്റെ വേതനം |
| 1,56,880 | | |

പദ്ധതി അംഗീകാരം നേടാതെ ചെലവുകൾ ചെയ്യുന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.26/09.12.2021, 32/10.12.2021) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി അംഗീകാരം ഇല്ലാതെ നടത്തിയ ചെലവുകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 HMC ആധുനികവൽക്കരണം - പദ്ധതി തുക ചെലവഴിച്ചതിൽ അപാകത

HMC ആധുനികവൽക്കരണം എന്ന സ്പിൽ ഓവർ പദ്ധതിയ്ക്ക് (82/2020) മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും 1099000/- രൂപ വകയിരുത്തിയതിൽ 4590/- രൂപയ്ക്ക് (ബിൽ നം 1/16.5.2019) A4 Copier Paper വാങ്ങിയിരിക്കുന്നു. മെയിന്റനൻസ് പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയിൽ നിന്നും A4 Copier Paper വാങ്ങിയതിന് വിശദീകരണം (ഓഡിറ്റ് അന്വേഷണം നം. 11, തീയതി : 06.12.2021) ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഓഫീസ് ആവശ്യങ്ങൾക്കാണ് പേപ്പർ വാങ്ങിയത് എന്ന് മറുപടി നൽകി. ഭരണപരമായ ആവശ്യങ്ങൾക്ക് എച്ച് എം സി ഫണ്ട് ലഭ്യമായിരിക്കേ ആധുനികവൽക്കരണം എന്ന പദ്ധതിയ്ക്ക് വകയിരുത്തിയ തുക ഇപ്രകാരം ചെലവഴിക്കുന്നത് ഉചിതമല്ല. പദ്ധതികൾ അംഗീകാരം ലഭിച്ചതിൻ പ്രകാരം നടപ്പാക്കി ലക്ഷ്യം കൈവരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-22 സോളാർ പാനൽ - അധികമായി ഉൽപ്പാദിപ്പിച്ച വൈദ്യുതി കെ എസ് ഇ ബിയ്ക്ക് നൽകിയതിന്റെ തുക സമയബന്ധിതമായി ലഭിക്കുന്നില്ല - പദ്ധതി ലക്ഷ്യപ്രാപ്തി ഭാഗികം

ബ്ലോക്ക് ഓഫീസിൽ സോളാർ പാനൽ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അവസാന ഗഡു 117480/-രൂപ ബിൽ നം 4/16.5.2019 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. ഏപ്രിൽ 2019 മുതൽ സോളാർ പാനൽ പ്രവർത്തനക്ഷമമായിട്ടുള്ളതായി ഓഡിറ്റ് അന്വേഷണം നം. 14, തീയതി : 07.12.2021 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ടിൽ വിഭാവന ചെയ്തിരുന്നതിൻ പ്രകാരവും കെ.എസ്.ഇ.ബി യുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലും ആവശ്യത്തിലധികം ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി, കെ.എസ്.ഇ.ബി യ്ക്ക് വിൽക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഏപ്രിൽ 2019 മുതൽ സോളാർ പാനൽ പ്രവർത്തനക്ഷമമായിട്ടുണ്ടെങ്കിലും 29.01.2021 ൽ അധികം ഉല്പാദിപ്പിച്ച വൈദ്യുതി കെ.എസ്.ഇ.ബിയ്ക്ക് നൽകിയതിനാൽ കെ.എസ്.ഇ.ബി 8091/- രൂപ പഞ്ചായത്തിന് നൽകിയിരിക്കുന്നു. അടുത്ത ഗഡു ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. സോളാർ പാനൽ മുഖേന ഉൽപ്പാദിപ്പിക്കുന്നതും ഉപയോഗിക്കുന്നതും കെ.എസ്.ഇ.ബി യ്ക്ക് വിൽക്കുന്നതുമായ വൈദ്യുതിയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അധിക വൈദ്യുതിയ്ക്കുള്ള തുക അതാത് സമയങ്ങളിൽ ലഭ്യമാകേണ്ടതിന് നടപടി സ്വീകരിക്കേണ്ടതും സോളാർ പാനൽ സ്ഥാപിച്ച ശേഷം നാളിതുവരെയുള്ള വൈദ്യുതിയുടെ ഉല്പാദം, ഉപഭോഗം, കെ.എസ്.ഇ.ബി യ്ക്ക് വിൽക്കുന്ന വൈദ്യുതി എന്നിവയുടെ കൃത്യമായ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം സോളാർ പാനൽ സ്ഥാപിച്ചതിന് ശേഷവും ബ്ലോക്ക് ഓഫിസിന്റെ വൈദ്യുത ചാർജ്ജായി 95822/- രൂപയും ഘടകസ്ഥാപനങ്ങളുടെ വൈദ്യുത ചാർജ്ജായി 67157/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29, തീയതി : 10.12.2021 ന് മറുപടിയായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ (സെക്രട്ടറി) വൈദ്യുതി കണക്ഷനുമായിട്ടാണ് സോളാർ പാനൽ ബന്ധിപ്പിച്ചിരിക്കുന്നതെന്നും പ്രസ്തുത കൺസ്യൂമർ നമ്പരിന്റെ വൈദ്യുത ചാർജ്ജിൽ മാത്രമാണ് സോളാർ പാനലിന്റെ ചാർജ്ജ് കുറവ് ചെയ്തിരിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ഫിക്സഡ് ചാർജ്ജ് ആയി 481/- രൂപയും ഘടകസ്ഥാപനങ്ങളുടെയും മറ്റ് കെട്ടിടങ്ങളുടെയും വൈദ്യുതി ചാർജ്ജും മാസം തോറും അടയ്ക്കേണ്ടി വരുന്നതായും മറുപടി നൽകി.

വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലെ എല്ലാ കെട്ടിടങ്ങൾക്കും വൈദ്യുതി ലഭ്യമാകുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതിയായിരുന്നെങ്കിലും പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. ഈ പദ്ധതിയുടെ സാങ്കേതിക സാധ്യതകൾ പരിശോധിച്ച് എല്ലാ കെട്ടിടങ്ങൾക്കും വൈദ്യുതി ലഭ്യമാകുന്നതിനുള്ള സംവിധാനം പ്രാവർത്തികമാകുന്നതിന് ഉടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-23 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 1,32,000 /- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം 84/20തരിശു രഹിതമാതൃക ജൈവഗ്രാമം (എസ് സി) (സ്പിൽ ഓവർ)

അടങ്കൽ - 132000( പൊതുവിഭാഗം(എസ് സി പി)

847600 (മറ്റുള്ളവ )

ചെലവ് - 132000 ( Bill NO 2/19-20, 37500

Bill No 4/19-20, 22000

Bill No 5/19-20, 26500

Bill No 8/19-20, 4500

Bill No 10/19-20, 20000

Bill No 12/19-20, 13500

Bill No 16/19-20, 3500

Bill No11/19-20, 4500)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

പദ്ധതി പ്രകാരം 10 പേർ വീതമുള്ള പട്ടികജാതി ഗ്രൂപ്പുകൾക്ക് പച്ചക്കറി, കിഴങ്ങുവർഗം, പൂകൃഷി എന്നിവ ചെയ്യുന്നതിനായാണ് തുക അനുവദിച്ചിരിക്കുന്നത്. കൃഷി ചെയ്യുന്നതിനായുള്ള വിത്തുകളും തൈകളും നടീൽ വസ്തുക്കളും കെയ്കോ വഴി ഗ്രൂപ്പുകൾക്ക് നൽകി കൃഷി ചെയ്തശേഷം നടീൽക്കൂലി , ജൈവവളം എന്നിവയ്ക്കുള്ള ആനുകൂല്യം ഗ്രൂപ്പുകളുടെ അക്കൌണ്ടിൽ നൽകുകയാണ് ചെയ്തിരിക്കുന്നത് .

പ്രോജക്ട് നിർവഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി ഗ്രൂപ്പുകൾക്കായുള്ള ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(ഭരണസമിതിയുടെ 17.08.2019 ലെ 4-ാം നമ്പർ തീരുമാന പ്രകാരം മട്ടുപ്പാവിൽ ഗ്രോബാഗിൽ പച്ചക്കറി കൃഷി എന്ന പ്രോജക്റ്റിലേയ്ക്കായുള്ള 133 പേരുടെ ലിസ്റ്റാണ് ലഭ്യമാക്കിയത്)

2. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ , ഭരണസമിതിയുടെ 17.08.2019 ലെ 4-ാം നമ്പർ തീരുമാന പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയിരിക്കുന്നു. വിശദാംശം ചുവടെ

| ക്രമ നം | കുടുംബശ്രീ ഗ്രൂപ്പിന്റെ പേര് | തുക | ബിൽ നം , തീയതി |
|---|---|---|---|
| 1 | സ്നേഹ കുടുംബശ്രീ , വെങ്ങാനൂർ | 4500 | Bill NO 2/19-20<br>37500 |
| 2 | ജനനി വനിത , കരുംകുളം | 11000 | |
| 3 | ഐശ്വര്യ, കരുകുളം | 11000 | |
| 4 | പുണ്യ, കമുകിൻകോട് | 11000 | |
| 5 | കാവേരി, കോട്ടുകാൽ | 11000 | Bill No 4/19-20<br>22000 |
| 6 | ശ്രീശക്തി, കരുകുളം | 11000 | |
| 7 | ദർശന കുടുബശ്രീ പനങ്ങോട് , വെങ്ങാനൂർ | 11000 | Bill No 5/19-20<br>26500 |
| 8 | മഹിളാമിത്ര, നെടിയവിള, മുട്ടയ്ക്കാട്. വെങ്ങാനൂർ | 11000 | |
| 9 | രേഖ കുടുംബശ്രീ, | 4500 | |
| 10 | നേതാജി കുടുംബശ്രീ കോവളം | 4500 | Bill No 8/19-20<br>4500 |
| 11 | കൽപന ചൊവ്വ, കട്ടച്ചൽകുഴി | 4500 | Bill No 10/19-20<br>20000 |
| 12 | കാട്ടുനട, കട്ടച്ചൽകുഴി | 4500 | |
| 13 | നവജ്യോതി , കട്ടച്ചൽകുഴി | 11000 | |
| 14 | ശ്രീ ശക്തി ,കരുംകുളം | 4500 | Bill No 12/19-20<br>13500 |
| 15 | ശ്രീകൃഷ്ണ , കരുംകുളം | 4500 | |
| 16 | സൂര്യ എസ് എസ് എസ് , ചൊവ്വര | 4500 | |
| 17 | മില്ലനിയം ഗ്രൂപ്പ്, വെങ്ങാനൂർ | 3500 | Bill No 16/19-20<br>3500 |
| 18 | വിനായക , കരുംകുളം | 4500 | Bill No11/19-20<br>4500 |

3. മേൽ ഗ്രൂപ്പുകളെ എസ് സി പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം നൽകാനുണ്ടായ കാരണം വ്യക്തമല്ല.

4. ശ്രീകൃഷ്ണ, കരുംകുളം (ക്രമ നം 15) , മില്ലനിയം ഗ്രൂപ്പ്, വെങ്ങാനൂർ (ക്രമ നം 17) എന്നീ ഗ്രൂപ്പുകളുടെ അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗ്രൂപ്പുകളുടെ പാസ് ബുക്ക് , തുക ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 4/04.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകൾ, വിശദീകരണം എന്നിവയുടെ അഭാവത്തിൽ 1,32,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 മട്ടുപ്പാവിൽ ഗ്രോ ബാഗിൽ പച്ചക്കറി കൃഷി -ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവ് ചെലവുപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം. 15/19-20മട്ടുപ്പാവിൽ ഗ്രോ ബാഗിൽ പച്ചക്കറി കൃഷി

അടങ്കൽ - 1950000 വികസന ഫണ്ട് (പൊതുവിഭാഗം )

650000 (മറ്റുള്ളവ )

ചെലവ് - 1170000

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് ഡയറക്ടർ (കൃഷി )

മേൽ പ്രോജക്ടിന്റെ ചെലവ് സുലേഖപ്രകാരം ( ചെലവുപത്രിക) 11,70,000/- ആണ്. എന്നാൽ ഗുണഭോക്തൃവിഹിതമിനത്തിൽ 1,45,000/- രൂപ ചെക്ക് നം 2719480/04.02.2020 പ്രകാരം 2019-20 വർഷം റയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. (പ്രോജക്ടിനായി ആകെ നൽകിയത് 3,90,000/-). പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് പ്രകാരമുള്ള മുഴുവൻ ചെലവുകളും ചെലവുപത്രികയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-25 ബഡ്സ് സ്കൂളിന് തെറാപ്പി ഉപകരണങ്ങളും ലാപ്ടോപ്പും- പദ്ധതി നിർവഹണത്തിലെ അപാകതകൾ - 330659/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. ബഡ്സ് സ്കൂളിന് തെറാപ്പി ഉപകരണങ്ങളും ലാപ്ടോപ്പും
പ്രോജക്ട് നമ്പർ 9/2020

നിർവഹണ ഉദ്യോഗസ്ഥ- ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ

പദ്ധതി അടങ്കൽ - 331000( പൊതുവിഭാഗം സാ.ധാ)

പദ്ധതി ചെലവ് - 330659 ( Bill No 7/20.01.2020)

മേൽ പ്രോജക്ട് മുഖേന പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിനായി വീൽ ചെയർ, സി പി ചെയർ, സി പി വാക്കർ, എം ആർ കിറ്റ്, എക്സർസൈസ് സൈക്കിൾ , ലാപ്ടോപ്പ് എന്നിവ ടെണ്ടർ നടപടികൾ മുഖേന വാങ്ങിയിരിക്കുന്നു.

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ

1. സ്റ്റോർ പർച്ചേസ് മാനവലിൽ ടെണ്ടർ ക്ഷണിക്കുമ്പോൾ സ്പെസിഫിക്കേഷനുകൾ വളരെ വ്യക്തത ഉള്ളതായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ടെണ്ടർ നോട്ടീസിൽ ലഭ്യമാക്കേണ്ട സാധനങ്ങളുടെ വിശദവിവരങ്ങൾ, ക്വാട്ട് ചെയ്തിരിക്കുന്ന തുക നികുതി ഉൾപ്പെട്ടതാണോ, ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആകെ അടങ്കൽ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ടെണ്ടർ അംഗീകരിക്കപ്പെട്ട സ്ഥാപനവുമായി ( പാർകിൻസ് എന്റർപ്രൈസസ്, പത്തനംതിട്ട) കരാർ വച്ചിട്ടില്ല.

3. ലാപ്ടോപ്പുകൾക്ക് പാർകിൻസ് എന്റർപ്രൈസസ്, പത്തനംതിട്ട 12% ആണ് നികുതിയായി ക്ലെയിം ചെയ്തിരുന്നത് . എന്നാൽ ഫൈനൽ ബില്ലിൽ 18% നികുതിയാണ് ക്ലെയിം ചെയ്തിരിക്കുന്നത്.

4. സ്ഥാപനത്തിന്റെ ബിൽ പ്രകാരം നികുതിയിനത്തിലെ തുക (GST, CGST,Flood Cess) 28,083.04 /- രൂപയാണ്. എന്നാൽ ജി.എസ്.ടി ഇനത്തിൽ 6052/- രൂപയാണ് ട്രഷറി ബില്ലിൽ കുറവ് ചെയ്ത് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്.

പ്രസ്തുത തുക ഒടുക്കു വരുത്തിയതിന്റെ രേഖകൾ ലഭ്യമല്ല. അപാകതകൾക്ക് വ്യക്തത നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (19/07.12.2021). ആയതിനാൽ ചെലവുതുക 330659/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. -പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
പ്രോജക്ട് നമ്പർ - 17/2020

നിർവഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

പദ്ധതി അടങ്കൽ - 5200000 ( പൊതുവിഭാഗം എസ് സി പി)

പദ്ധതി ചെലവ് - 780000 (Bill No 2/10.10.2019 Rs 30000/-

Bill No 5/10.1.2020 Rs 390000/-

Bill No 7/10.02.2020 Rs 180000/-

Bill No 10/22.02.2020 Rs 30000/-

Bill No 11/24.03.20 Rs 30000/-

Bill No19/31.03.20 Rs 120000/-

പട്ടികജാതിയിൽപ്പെടുന്ന കുട്ടികൾക്ക് പഠനമുറി നിർമിക്കുന്നതിനുള്ള ധനസഹായം ഒരാൾക്ക് 2ലക്ഷം രൂപ വീതം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ധനസഹായം കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം കാർത്തിക ജെ.പി, C/0 ജയകുമാർ.റ്റി എന്നയാൾ പഠനമുറി നിർമാണം പൂർത്തിയാക്കിയിട്ടില്ല. ടി വ്യക്തിയ്ക്ക് ആദ്യ ഗഡു നൽകിയിരിക്കുന്നത് 10.02.20 ൽ ആണ് (Rs 30000/-). നാളിതുവരെ 1,70,000/-രൂപ നൽകിയിട്ടുണ്ട്. എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം കരാർവച്ച് 3 മാസത്തിനകം നിർമാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നിർമാണം പൂർത്തിയാക്കിയിട്ടില്ല. അടിയന്തിരമായി നിർമാണം പൂർത്തീകരിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം 25/09.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 മെറിറ്റോറിയസ് സ്കോളർഷിപ്പ് (എസ് സി പി) - രേഖകൾ ഹാജരാക്കിയില്ല- 10,10,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. -മെറിറ്റോറിയസ് സ്കോളർഷിപ്പ്
പ്രോജക്ട് നമ്പർ -18/2020

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പദ്ധതി അടങ്കൽ - 10,52,800 ( പൊതുവിഭാഗം എസ് സി പി)

പദ്ധതി ചെലവ് - 10,10,000

ബിൽ നം. 1/09.09.2019, Rs 35000

ബിൽ നം. 3/11.10.2019, Rs 140000

ബിൽ നം. 4/18.01.2020 , Rs 425000

ബിൽ നം. 5/07.02.2020, Rs 60000

ബിൽ നം. 8/10.02.2020 , Rs 165000

ബിൽ നം. 9/22.02.2020, Rs 185000

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ട് (ബിരുദ/ബിരുദാനന്തരം മെഡിക്കൽ, എൻജിനീയറിംഗ്,ഗവേഷണം, ഐ.റ്റി.ഐ., പോളിടെക്നിക്ക് തുടങ്ങിയ കേന്ദ്ര- സംസ്ഥാന സർക്കാർ അംഗീകാരം നൽകിയ എല്ലാ കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി ) പ്രകാരം 48 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നു.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ഏതാനും അപാകതകൾ ചുവടെ ചേർക്കുന്നു

(എ) വിദ്യാർത്ഥികളുടെ അപേക്ഷകളോടൊപ്പം അർഹത തെളിയിക്കുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

വിശദാംശം ചുവടെ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക , ബിൽ നം. , തീയതി | ആവശ്യമായ രേഖകൾ | | | |
|---|---|---|---|---|---|---|
| | | | ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | ഗ്രാമ,ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യം നൽകിയിട്ടില്ലായെന്ന സെക്രട്ടറിയുടെ | കോഴ്സ് സർട്ടിഫിക്കറ്റ് | |

| | | | | സാക്ഷ്യപത്രം | | |
|---|---|---|---|---|---|---|
| 1 | അഖിൽ ഗിരീഷ് | 20000, 3/11.10.19 | ലഭ്യമല്ല | ലഭ്യമല്ല | - | കരുംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ഹാജരാക്കുന്നതിനാണ് സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്നത് |
| 2 | ശില്പ മണികണ്ഠൻ | 30000,4/18.01.20 | - | ലഭ്യമല്ല | - | |
| 3 | അമൽ കെ എസ് | 15000, 4/18.01.20 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | |
| 4 | സുരഭി എസ് | 20000, 3/11.10.19 | - | ലഭ്യമല്ല | - | |
| 5 | അഭിജിത്ത് സി എസ് | 20000, 3/11.10.19 | - | ലഭ്യമല്ല | - | |
| 6 | സുചിത്ര | 20000, 4/18.01.20 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | |
| 7 | അഖിൽ എസ് | 20000, 4/18.01.20 | ലഭ്യമല്ല | ലഭ്യമല്ല | - | |
| 8 | മഞ്ജു ജി | 20000, 4/18.01.20 | ലഭ്യമല്ല | ലഭ്യമല്ല | - | |
| 9 | രഞ്ജിനി ജെ യു | 20000, 4/18.01.20 | ലഭ്യമല്ല | ലഭ്യമല്ല | - | |
| 10 | രാഹുൽ എസ് | 20000, 4/18.01.20 | ലഭ്യമല്ല | ലഭ്യമല്ല | - | |
| 11 | കാവ്യ ആർ കെ | 20000, 4/18.01.20 | - | ലഭ്യമല്ല | - | |
| 12 | ആതിര വി എസ് | 20000, 4/18.01.20 | - | ഇല്ല | - | |
| 13 | ആര്യലക്ഷ്മി എ | 30000-5/07.02.2020 | - | ഇല്ല | - | |
| 14 | ഗായത്രി എം , പരുത്തുപ്പാറ വീട് , കരുംകുളം , പുതിയതുറ പി ഒ ( 1-ാം വർഷ ഡിഗ്രി ) | 20000, 8/10.02.2020 | - | - | - | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ലായെന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ ഹാജരാക്കുന്നതിനും ബി.ഡി.ഒ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നു |
| 15 | ആർഷ ബി.ആർ | 20000 8/10.02.2020 | - | ഇല്ല | - | |
| 16 | കീർത്തി തുളസി | 20000 8/10.02.2020 | - | ഇല്ല | - | |
| 17 | ജിത്തു സി എ | 20000 8/10.02.2020 | | ഇല്ല | | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ലായെന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ ഹാജരാക്കുന്നതിനും ബി.ഡി.ഒ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നു |

മേൽ ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യം ലഭ്യമായിട്ടില്ല എന്നത് സാധൂകരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ക്രമ നം 14,17 ലെ ഗായത്രി എം , ജിത്തു സി.എ എന്നീ വിദ്യാർത്ഥികൾക്ക് ബിൽനം 8 പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ എസ്.സി.ഡി.ഒ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്ര പ്രകാരം ബ്ലോക്കിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ഇപ്രകാരം തെറ്റായി സാക്ഷ്യപത്രം നൽകിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ( ഓഡിറ്റ് അന്വേഷണം നം.22/07.12.2021 )

(ബി) അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് പ്രകാരം ആനുകൂല്യം നൽകിയിരിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും അപേക്ഷകൾ ഫയലിൽ ലഭ്യമല്ല . അപേക്ഷകൾ ലഭ്യമാകാത്തവരുടെ വിശദാംശങ്ങൾ ചുവടെ

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | ബിൽ നം. , തീയതി |
|---|---|---|---|
| 1 | ഗംഗാപ്രസാദ് എസ് | 20000 | 3/11.10.2019<br>Rs 140000 |
| 2 | അജീഷ് ആർ | 15000 | |
| 3 | ബിന്ദു ജെ | 20000 | 4/18.01.2020<br>Rs 425000 |
| 4 | ആര്യാ പി സജി | 20000 | |
| 5 | സൂര്യ പി സജി | 20000 | |
| 6 | ഗായത്രി രാജ് എസ് | 20000 | |
| 7 | വീണ ബി | 20000 | |
| 8 | ശരണ്യ ആർ എസ് | 30000 | |
| 9 | അഖില ജി എസ് | 20000 | |
| 10 | ഭദ്ര രാജൻ | 20000 | |
| 11 | അഖിൽ ബാബു എസ് എസ് | 30000 | |

അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(സി ) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

17.08.2019 ലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പ്രോജക്റ്റ് പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം നൽകിയിരിക്കുന്നവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ആനുകൂല്യം ലഭ്യമായ വ്യക്തിയുടെ പേര് | | ബിൽ നം , തീയതി , തുക |
|---|---|---|
| ബിന്ദു ജെ<br>(RS 20000) | അനന്തു | 4/18.01.2020<br>Rs 425000 |
| ആര്യ പി സജി<br>(RS 20000) | വീണ<br>(RS 20000) | |
| മഞ്ജു<br>(RS 20000) | ശരണ്യ<br>(RS 30000) | |

| | | |
|---|---|---|
| സുചിത്ര എസ്<br>(RS 20000) | കാവ്യ<br>(RS 20000) | |
| സൂര്യ പി സജി<br>(RS 20000) | ആര്യശ്രീ<br>(RS 20000) | |
| രഞ്ജിനി<br>(RS 20000) | ശിൽപ മണികണ്ഠൻ<br>(RS 30000) | |
| അഖിൽ എസ്<br>(RS 20000) | ഭദ്ര രാജൻ<br>(RS 20000) | |
| ഗായത്രി രാജ്<br>(RS 20000) | അഖില ബാബു എസ് എസ്<br>(RS 30000) | |
| അമൽ<br>(RS 15000) | | |
| ആഷിക് അജിത്ത്<br>(RS 30000) | | 5/07.02.2020 Rs 60000 |
| ആര്യലക്ഷ്മി<br>(RS 30000) | | |
| ഗായത്രി എം<br>(Rs 20000) | ശരത് യു എസ്<br>(Rs 15000) | 8/10.02.2020 Rs 165000 |
| ശിൽപാചന്ദ് സി ഡി<br>(Rs 20000) | ആർഷ ബി ആർ<br>(Rs 20000) | |
| സാനി ബി<br>(Rs 20000) | കീർത്തി തുളസി<br>(Rs 20000) | |
| ജിത്തു സി എ<br>(Rs 20000) | പ്രതീക്ഷ ജെ ജെ<br>(Rs 20000) | |
| ബിച്ചു ആർ എ<br>(Rs 20000) | രജിൻ വസന്ത്<br>(Rs 20000) | 9/22.02.2020 Rs 185000 |
| അഖില വി എം<br>(Rs 20000) | | |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് കാരണം വ്യക്തമല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 22/7. 12.2021) മതിയായ രേഖകൾ , വിശദീകരണം എന്നിവ ലഭ്യമാക്കാത്തതിനാൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് 10,10,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 എം.എൻ.ആർ.ഇ.ജി.എസ്. അഡ്മിൻ ഫണ്ടിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭ്യമായതിനു രേഖകളില്ല – 12214/- രൂപ തടസ്സം ചെയ്യുന്നു.

സർക്കാരിന്റെ 1000ദിന ആഘോഷങ്ങളുടെ ഭാഗമായി MNREGS സ്റ്റാൾ നിർമ്മിച്ചതിനുള്ള ചെലവിനത്തിൽ ചെക്ക് നം.2740504/08.05.2019 പ്രകാരം 12214/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ്. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 22.04.2019 തീയതിയിലെ നമ്പർ. എ3/2518 /2019/ എം.ജി.എൻ.ആർ.ഇ.ജി.എസ്. കത്തിലൂടെ പ്രസ്തുത തുകയ്ക്ക് എഫ്.റ്റി.ഒ. തയ്യാറാക്കി എം.എൻ.ആർ.ഇ.ജി.എസ്. അഡ്മിൻ ഫണ്ടിൽ നിന്നും മാറി എടുത്ത് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു.

തുക എം.എൻ.ആർ.ഇ.ജി.എസ്. അഡ്മിൻ ഫണ്ടിൽ നിന്നും ലഭ്യമായതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/08.12.2021) ഫയൽ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. മേൽ തുക ലഭ്യമായതു സംബന്ധിച്ച രേഖകൾ ലഭ്യമാകാത്തതിനാൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വിനിയോഗിച്ച 12,214/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 വനിതാ ഗ്രൂപ്പുകൾക്കുള്ള ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കൽ , തൊഴിൽ സംരംഭം- രേഖകൾ ലഭ്യമാക്കിയില്ല , 2,50,000 /- രൂപ തടസ്സപ്പെടുത്തുന്നു.

വനിത ഗ്രൂപ്പുകൾക്ക് വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായി വ്യവസായ വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബാക്ക് എൻഡ് സബ്സിഡിയായി ധനസഹായം സഹകരണ ബാങ്കിന്റെ അക്കൌണ്ടിലേയ്ക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പ്രോജക്ടുകൾ സ്പിൽ ഓവറായാണ് നടപ്പിലാക്കിയിരിക്കുന്നത്.

ഓഡിറ്റ് വർഷത്തെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ഗുണഭോക്താവിന്റെ പേര് | സബ്സിഡി കൈമാറിയ ബാങ്ക് | അക്കൗണ്ട് നം. |
|---|---|---|---|---|---|---|
| S076/19 | വനിതാ ഗ്രൂപ്പുകൾക്കുള്ള ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കൽ | 150000 (പൊതുവിഭാഗം സാ.ധാ) | 150000 (ബിൽ നം 1/07.05.2019) | അർച്ചന കുടുംബശ്രീ, വവ്വാമൂല, നെല്ലിവിള | കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്ക് (IBKL0046T01 020071202200029) | SB9065 |
| S086/19 | വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം | 100000 (പൊതുവിഭാഗം സാ.ധാ) | 100000 (ബിൽ നം. 2/07.05.2019) | കൈരളി കുടുംബശ്രീ, വെണ്ണിയൂർ | | SB 9066 |

ദേശസാൽകൃത ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാകാൻ കാലതാമസം നേരിടുന്നുവെന്ന കാരണത്താൽ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ സ്വീകരിക്കാൻ 15-10-18-ൽ കൂടിയ (15-ാം നം തീരുമാനം) ജനറൽ കമ്മിറ്റി നിർവഹണോദ്യോഗസ്ഥന് അനുമതി നൽകി. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (സ.ഉ(കൈ) 22/2018/തസ്വഭവ തിരു

തീയതി 14.02.2018) സ്വയംതൊഴിലിന് ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾ വായ്പാബന്ധിതമായിരിക്കേണ്ടതും സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകേണ്ടതുമാണ്. ബാങ്ക് വായ്പ അനുവദിച്ച എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം ബാക്ക് എൻഡഡ് സബ്സിഡിയായാണ് തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കേണ്ടത്. പ്രോജക്ട് പ്രകാരം 2,50,000/- രൂപ വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച് കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൌണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു. ബാക്ക് എൻഡഡ് സബ്സിഡിയായി നൽകിയ തുകയുടെ അർഹത പരിശോധിക്കുന്നതിന് സഹകരണബാങ്കിൽ നിന്നും വായ്പ നൽകിയതിന്റെയും തുകയുടെ തിരിച്ചടവിന്റെയും വിവരം രേഖപ്പെടുത്തുന്ന ഗ്രൂപ്പുകളുടെ സേവിംഗ്സ് പാസ്സ് ബുക്ക്, ലോൺ പാസ്സ് ബുക്ക്, ആനുകൂല്യം ലഭ്യമായ കുടുംബശ്രീ യൂണിറ്റുകളുടെ കാഷ് ബുക്ക് എന്നിവയുടെ അസ്സൽ (കാലികമാക്കിയത്) , ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

രേഖകൾ ഹാജരാക്കേണ്ടതുവരെ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു. ലഭ്യമാക്കിയ വായ്പയുടെ ആധികാരികത ബോധ്യപ്പെടാത്ത പക്ഷം ബാക്ക് എൻഡഡ് സബ്സിഡിയിനത്തിൽ നൽകിയ തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/03.12.2021 ) ആവശ്യപ്പെട്ടിരിക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കി എത്രയും വേഗം സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ 2018-2019 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും ആയത് പരിഹരിച്ചിട്ടില്ല.

## 1-30 സ്നേഹസ്പർശം- വിനിയോഗ സാക്ഷ്യപത്രം , അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല 17,56,875 /- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്
പ്രോജക്ട് നമ്പർ - 10/2020

നിർവഹണ ഉദ്യോഗസ്ഥ- സി.ഡി.പി.ഒ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

പദ്ധതി അടങ്കൽ - 1756875 ( പൊതുവിഭാഗം സാ.ധാ)

പദ്ധതി ചെലവ് - 1756875 (വിവിധ ബില്ലുകൾ )

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | ബിൽ പ്രകാരം അനുവദിച്ച തുക | ബിൽ നം. തീയതി |
|---|---|---|---|
| 1 | വെങ്ങാനൂർ | 435750 | 2/25.07.2019 |
| 2 | കോട്ടുകാൽ | 483000 | 6/25.07.2019 |
| 3 | കാഞ്ഞിരംകുളം | 270000 | 5/25.07.2019 |
| 4 | അതിയന്നൂർ | 257625 | 4/25.07.2019 |
| 5 | കരുംകുളം | 310500 | 3/25.07.2019 |
| | ആകെ | 1756875 | |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ

(എ) 2019-20സാമ്പത്തിക വർഷം സ്നേഹസ്പർശം പദ്ധതിയിക്കായി അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് അനുവദിച്ച 17,56,875/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അക്കൗണ്ടുകളിലേയ്ക്ക് വിവിധ ബില്ലുകൾ പ്രകാരം കൈമാറിയിരിക്കുന്നു. പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ്, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് സെക്രട്ടറിമാരുടെ റിക്വിസിഷൻ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

പ്രോജക്ടിൽ പരാമർശിച്ചിരുന്ന തുകകൾ ബില്ലുകൾ മുഖേന കൈമാറിയ ശേഷം, ഗുണഭോക്താക്കളുടെ ആനുപാതികമായ തുക തെറ്റായാണ് പഞ്ചായത്തിലേയ്ക്ക് നൽകിയതെന്നും ആയത് ക്രമീകരിക്കണമെന്നും ശിശു വികസന പ്രോജക്ട് ഓഫീസറുടെ 07.12.2019 ലെ ഐ.സി.ഡി.എസ് എ 60/2019 നമ്പർ കത്തിൽ ഉത്തരവായിരിക്കുന്നു. മേൽ ഉത്തരവ് പ്രകാരം പുനക്രമീകരിച്ചിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ചുവടെ

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ബിൽ പ്രകാരം നൽകിയ തുക | ഗുണഭോക്താക്കളുടെ ആനുപാതികമായ തുക ( സി.ഡി.പി.ഓ.യുടെ ഉത്തരവ് പ്രകാരം ) | ക്രമീകരിച്ച തുക |
|---|---|---|---|---|
| 1 | വെങ്ങാനൂർ | 435750 | 483000 | 47250 |
| 2 | കോട്ടുകാൽ | 483000 | 257625 | -225375 |
| 3 | കാഞ്ഞിരംകുളം | 270000 | 435750 | 165750 |
| 4 | അതിയന്നൂർ | 257625 | 270000 | 12375 |
| 5 | കരുംകുളം | 310500 | 310500 | - |

തുക ക്രമീകരിക്കാനുണ്ടായ കാരണം, ആയതിനാധാരമായ രേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കോട്ടുകാൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് അധികമായി നൽകിയ തുക 2,25,375/- ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ( ഓഡിറ്റ് അന്വേഷണം നം. 5 തീയതി 06.12.2021 )

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 2019-20സാമ്പത്തിക വർഷം നടപ്പിലാക്കിയ സ്നേഹസ്പർശം എന്ന പ്രോജക്ടിലേക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വിവിധ ഗ്രാപഞ്ചായത്തുകൾക്ക് നല്കിയ തുകയിൽ മുഴുവൻ തുകയും വിനിയോഗിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ

| ഗ്രാമപഞ്ചായത്തിന്റെ പേര് | പഞ്ചായത്തിന്റെ സുലേഖ പത്രികയിലെ ചെലവ് | ബ്ലോക്കിൽ നിന്നും കൈമാറിയ തുക | ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന തുക |
|---|---|---|---|
| വെങ്ങാനൂർ | 100000 | 483000 | 383000 |
| കോട്ടുകാൽ | 257625 | 483000 | 225375 |
| കാഞ്ഞിരംകുളം | 164250 | 435750 | 271500 |
| അതിയന്നൂർ | 270000 | 270000 | 0 |
| കരുംകുളം | 0 | 310500 | 310500 |

ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് പ്രകാരം പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം, ആവശ്യമായ രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് 17,56,875/- തടസ്സപ്പെടുത്തുന്നു.

## 1-31 മാലിന്യ നിർമാർജന പദ്ധതി- മസ്റ്റർ റോൾ ,ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ-72മാലിന്യ നിർമാർജനം

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ സി എച്ച് സി

പദ്ധതി അടങ്കൽ - 207120( പൊതുവിഭാഗം സാധാരണ വിഹിതം)

പദ്ധതി ചെലവ് - 133465

മേൽ പദ്ധതി പരിശോധിച്ചതിൽ മസ്റ്റർ റോൾ ഹാജരാക്കാത്ത പ്രവർത്തിക്ക് കൂലി കൊടുത്തിരിക്കുന്നതായി കണ്ടു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മാലിന്യ നിർമാർജന പദ്ധതിയിൽ CB No 7/19-20 പ്രകാരം മാറിയ 13948 രൂപയിൽ 6000 രൂപ അരുൺ എന്ന വ്യക്തിക്കാണ് നൽകിയിരിക്കുന്നത്. ഈ പ്രവർത്തിയുടെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല..

2. മാലിന്യ നിർമാർജന പദ്ധതിയിൽ CB No 14/19-20 പ്രകാരം മാറിയ 10600രൂപ

പരിസരം വൃത്തിയാക്കിയ വകയിൽ നൽകുകയുണ്ടായി. ടി പ്രവൃത്തിയുടെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല..

3. മാലിന്യ നിർമാർജന പദ്ധതിയിൽ CB No 17/19-20 പ്രകാരം മാറിയ 8870രൂപയിൽ

3600 രൂപ 30/8/19, 31/8/19എന്നീ ദിവസങ്ങളിൽ നടന്ന ജോലിക്ക് നൽകുകയുണ്ടായി. ഈ പ്രവർത്തിയുടെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല.

4. CB No 30/19-20 പ്രകാരം മാറിയ 52459രൂപയിൽ 12100 രൂപ Plumbing Work ചെയ്ത വകയിൽ നൽകുകയുണ്ടായി. ഈ പ്രവൃത്തിയിൽ പുതിയ പൈപ്പ് സ്ഥാപിച്ചതായി പറയുന്നുണ്ട്. ആയതിന്റെ ആവശ്യത്തിനായി വാങ്ങിയ സാധനങ്ങളുടെ ബിൽ ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (23/7.12.2021) യ്ക്ക് രേഖകൾ ഹാജരാക്കാമെന്ന മറുപടിയാണ് ലഭിച്ചത്.രേഖകൾ ഹാജരാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-32 സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി - വാഹനവാടക നൽകിയതിൽ അപാകത

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള മൂന്ന് സി.എച്ച്.സി കളിലും സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരമുള്ള ആവശ്യങ്ങൾക്കായി ദിവസ വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്നതിന് ക്വട്ടേഷനുകൾ വിളിച്ചതിൽ ശ്രീ. സുരേഷ്.ബി എന്ന ആളുടെ താഴെ പറയുന്ന നിരക്കിലുള്ള ക്വട്ടേഷനാണ് അംഗീകരിച്ച് നൽകിയത്.

15 Km മുതൽ 24 Km വരെ - 800/- രൂപ

25 Km മുതൽ 34 Km വരെ - 900/- രൂപ

35 Km മുതൽ 44 Km വരെ –100/- രൂപ

എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി വാടക നൽകുകയുണ്ടായി. കൂടാതെ വാഹനം ഉപയോഗിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ദിവസങ്ങളിലും വാഹന വാടക നൽകിയിട്ടുണ്ട്.

I ക്വട്ടേഷൻ നിരക്കിൽ നിന്നും അധികമായി തുക നൽകി.

വാഹനം വാടകയ്ക്കെടുത്ത ക്വട്ടേഷനിലെ വ്യവസ്ഥ പ്രകാരം ഒരു ദിവസം 25 Km മുതൽ 34 Km വരെയുള്ള യാത്രകൾക്ക് 900/- രൂപയാണ് അർഹമായിട്ടുള്ളത്. എന്നാൽ പ്രസ്തുത ദൂരപരിധിയിലെ യാത്രകൾക്ക് 1000/- രൂപ വീതം നൽകിയതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

എ) പുല്ലുവിള സി.എച്ച്.സി

പ്രോജക്ട് നമ്പർ - 26/20 സെക്കണ്ടറി പാലിയേറ്റീവ് പ്രവർത്തനങ്ങൾ

പദ്ധതി അടങ്കൽ - 400000 (പൊതുവിഭാഗം സാധാരണ വിഹിതം)

പദ്ധതി ചെലവ് - 379304

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി എച്ച് സി

| ബിൽ നം. / തീയതി | ബിൽ തുക | ബിൽ തുകയിൽ നിന്നും ഡ്രൈവർക്ക് നൽകിയത് | അധികമായി നൽകിയ തുക |
|---|---|---|---|
| 15/19-20/ 21.8.19 | 23200 | 20200 | 500 |

| | | | |
|---|---|---|---|
| 42/19-20/ 31.3.20 | 89600 | 11600 | 1000 |
| 31/19-20/ 18.1.20 | 28760 | 11800 | 1100 |
| 40/19-20 / 15.2.20 | 12300 | 9800 | 900 |
| 34/19-20/ 24.12.19 | 13550 | 10800 | 1000 |
| 28/19-20/ 29.11.19 | 15730 | 11600 | 1000 |
| 22/19-20/ 21.10.19 | 14600 | 11600 | 1000 |
| 18/19-20/ 7.9.19 | 14600 | 11600 | 1000 |
| ആകെ | | | 7500 |

ബി) വിഴിഞ്ഞം സി എച്ച് സി

പ്രോജക്ട് നമ്പർ - 32/20 സെക്കണ്ടറി പാലിയേറ്റിവ് പ്രവർത്തനങ്ങൾ

പദ്ധതി അടങ്കൽ - 300000 (പൊതുവിഭാഗം സാധാരണ വിഹിതം)

പദ്ധതി ചെലവ് - 266374

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി എച്ച് സി

| ബിൽ നം./തീയതി | ബിൽ തുക | ബിൽ തുകയിൽ നിന്നും ഡ്രൈവർക്ക് നൽകിയത് | അധികമായി നൽകിയ തുക |
|---|---|---|---|
| 9/19-20/ 21.8.19 | 230560 | 6600 | 500 |
| 41/19-20/ 31.3.20 | 6810 | 5000 | 500 |
| 30/19-20/ 16.2.20 | 7396 | 6000 | 600 |
| 16/19-20/ 22.10.19 | 10395 | 7800 | 700 |
| 20/19-20/ 17.12.19 | 8713 | 7000 | 700 |
| ആകെ | | | 3000 |

സി) വെൺപകൽ സി എച്ച് സി

പ്രോജക്ട് നമ്പർ - 29/20 സെക്കണ്ടറി പാലിയേറ്റിവ് പ്രവർത്തനങ്ങൾ

പദ്ധതി അടങ്കൽ - 500000 (പൊതുവിഭാഗം സാധാരണ വിഹിതം)

പദ്ധതി ചെലവ് - 349187

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി എച്ച് സി

| ബിൽ നം/തീയതി | ബിൽ തുക | ബിൽ തുകയിൽ നിന്നും ഡ്രൈവർക്ക് നൽകിയത് | അധികമായി നൽകിയ തുക |
|---|---|---|---|
| 16/19-20/24.10.20 | 42750 | 24800 | 1200 |
| 13/19-20/21.10.19 | 43137 | 21200 | 1600 |
| 1902026308580087l452/26.11.19 | 15000 | 15000 | 800 |
| 6/19-20/16.8.19 | 20400 | 16400 | 200 |
| 19/19-20/10.2.20 | 27900 | 10400 | 400 |
| ആകെ | | | 4200 |

എ), ബി), സി) പ്രകാരം തുക അധികമായി നൽകിയതു സംബന്ധിച്ച മെഡിക്കൽ ഓഫീസർമാർ സി.എച്ച്.സി. പുല്ലുവിള, സി.എച്ച്.സി. വിഴിഞ്ഞം, സി.എച്ച്.സി. വെൺപകൽ എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (30/10.12.2021, 31/10.12.2021, 6/6.12.2021) ആദ്യത്തെ രണ്ട് എണ്ണത്തിനും മറുപടി ലഭ്യമാക്കിയില്ല.

ക്രമാതീതമായി വർധിച്ച വന്ന പെട്രോളിയം ഉത്പന്നങ്ങളുടെ വിലയും പെട്രോൾ ചാർജ്ജും കാരണം ശ്രീ. സുരേഷ് ക്വട്ടേഷൻ പ്രകാരമുള്ള നിരക്കിൽ വാഹനം ഓടിക്കാൻ കഴിയില്ല എന്ന് രേഖാമൂലം എഴുതി കൊടുത്തതിനാലാണ് മാക്സിമം തുകയായ 1000 രൂപ ഒരുദിവസത്തെ കൂലിയായി നൽകിയത് എന്നാണ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി. വെൺപകൽ മറുപടി ലഭ്യമാക്കിയത്. 10 % മുതൽ 25 % വരെ സാധനങ്ങളുടെ വില വർദ്ധിക്കുന്നതനുസരിച്ച് ക്വട്ടേഷൻ പ്രവർത്തനങ്ങൾക്കും വർധിത തുക നല്കാറുണ്ടെന്നും മറുപടിയിൽ പറയുന്നു. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. മേൽ പ്രകാരം അധികമായി ചെലവ് ചെയ്ത തുക 14700/- (7500+3000+4200) ശ്രീ. സുരേഷ് ബി. ൽ നിന്നും തിരികെ ഈടാക്കി ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

<u>ll രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ദിവസങ്ങളിൽ വാഹന വാടക നൽകി</u>

പ്രോജക്ട് നമ്പർ-29 സെക്കണ്ടറി പാലിയേറ്റീവ് കെയർ

പദ്ധതി അടങ്കൽ - 500000( പൊതുവിഭാഗം സാധാരണ വിഹിതം)

പദ്ധതി ചെലവ് - 349187

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ സി എച്ച് സി

മേൽ പദ്ധതി പ്രകാരം ഹോം കെയർ ഡ്യൂട്ടിയ്ക്ക് പോയതായി സ്റ്റാഫ് നഴ്സിന്റെ ടൂർ ഡയറിയിലോ ഹോം കെയർ രജിസ്റ്ററിലോ രേഖപ്പെടുത്താത്ത ദിവസങ്ങളിൽ വാഹന വാടക നൽകിയിട്ടുണ്ട്.

| തീയതി | അനുവദിച്ച വാഹന വാടക |
|---|---|
| September | |
| 18/9/19 | 1000 |
| 25/9/19 | 1000 |
| October | |

| | |
|---|---|
| 9/10/19 | 800 |
| 16/10/19 | 1000 |
| 23/10/19 | 1000 |
| 30/10/19 | 1000 |
| November | |
| 6/11/19 | 1000 |
| 13/11/9 | 1000 |
| 20/11/19 | 1000 |
| 27/11/19 | 1000 |
| December | |
| 4/12/19 | 800 |
| 11/12/19 | 800 |
| January | |
| 29/1/2020 | 800 |
| ആകെ | 12200 |

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (6/6.12.2021) യ്ക്ക് മേൽ പറഞ്ഞിരിക്കുന്ന ദിവസങ്ങൾ എല്ലാം തന്നെ ബുധനാഴ്ചകളാണെന്നും, ടി ദിവസങ്ങൾ സെക്ഷൻ വൈസ് പാലിയേറ്റീവ് പരിചരണ പരിപാടിക്ക് തുടക്കം കുറിച്ചതിനാലാണ് വാഹനം ഓടിയിരുന്നതെന്നും ബുധനാഴ്ച ദിവസങ്ങളിൽ ആയമാർ ജെ പി എച് എൻ, ജെ എച് ഐ, പാലിയേറ്റിവ് നേഴ്സ് എന്നിവർ അടങ്ങുന്ന ഒരു പ്രത്യേക ടീം പാലിയേറ്റീവ് പ്രവർത്തകർ ചെയ്യുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഒൻപതംഗ കമ്മ്യൂണിറ്റി പരിചരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായിട്ടാണ് വാഹനം ഉപയോഗിച്ചിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

എന്നാൽ ടി പരിപാടിയ്ക്ക് പോയ ദിവസങ്ങൾ നഴ്സിന്റെ ടൂർ ഡയറിയിലോ ഹോം കെയർ രജിസ്റ്ററിലോ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ച് കണ്ടില്ല. രേഖകൾ ഇല്ലാതെ വാടക നൽകിയത് ശരിയായ നടപടി അല്ല. പദ്ധതി തുകയുടെ വിനിയോഗത്തിന് ആധാരമായ രേഖകൾ ഉറപ്പു വരുത്തേണ്ടതാണ്. അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-33 ഖരമാലിന്യ നിർമ്മാർജ്ജനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ- 1,90,000/-

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ-81മാലിന്യ നിർമാർജനം (സ്പിൽ ഓവർ)
ബിൽ നം.(B/1/19-20, 08.05.2019 Rs.166363)
(B2/19-20, 08.05.19 Rs. 22071)
(B23/19-20, 18.10.19 Rs.1566)
നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ സി.എച്ച്.സി

പദ്ധതി അടങ്കൽ - 190000( പൊതുവിഭാഗം സാധാരണ വിഹിതം)

പദ്ധതി ചെലവ് - 190000
മേൽ പദ്ധതിയുടെ ഫയലിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

1. CB No 1/19-20 തീയതി 08.05.2020 പ്രകാരം മാറിയ 166363/രൂപയിൽ 110000 രൂപ ഉന്മൂർമൊഴി Composting Machine വയ്ക്കാനാണ് ഉപയോഗിച്ചത്. Green Village എന്ന സ്ഥാപനത്തിനെയാണ് ഈ പ്രവൃത്തി ഏൽപ്പിച്ചത്. ഈ പദ്ധതി നടപ്പിലാക്കാൻ മേൽ സ്ഥാപനത്തിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, ടി സ്ഥാപനത്തിനെ ഈ പ്രവൃത്തി ഏൽപ്പിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

2. CB No 1/19-20 പ്രകാരം മാറിയ 166363രൂപയിൽ 5310 രൂപ Waste Management Consultation And Awareness Program നു വേണ്ടിയാണ് ചിലവഴിച്ചത് . ടി പരിപാടി നടത്തിയതിന്റെ രേഖകൾ ( Minutes Book, Attendance Sheet) ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (34/10.12.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക (166363+22071) 190000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 സ്റ്റോക്ക് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള സി.എച്ച്.സി കളിൽ പല പദ്ധതികളിലും വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല.

പുല്ലുവിള സി.എച്ച്.സി

പ്രോജക്റ്റ് നമ്പർ-24 ദൈനംദിന ഓഫീസ് ചിലവുകൾ

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ സി.എച്ച്.സി

പദ്ധതി അടങ്കൽ - 500000 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

പദ്ധതി ചെലവ് - 500000

1. ബിൽ നം 9 പ്രകാരം മാറിയ 6185/- രൂപയുടെ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ബിൽ നം CB No 12/19-20 പ്രകാരം മാറിയ 36580/- രൂപയിൽ 21780/- രൂപയ്ക്ക് UPS , Steel Table, Computer Table എന്നിവ വാങ്ങിയതിന് Quotation ലഭ്യമല്ല. 14800/- രൂപയ്ക്ക് പ്രിന്റർ വാങ്ങിയതുൾപ്പെടെയുള്ള ഉപകരണങ്ങൾ ആവശ്യപ്പെട്ട് സ്ഥാപനം നൽകിയ സബ്മിഷനും ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ബിൽ നം CB No 16/19-20 പ്രകാരം മാറിയ 39359 രൂപയിൽ 27536 രൂപയുടെ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.പ്രോജക്റ്റ് നമ്പർ-81(മാലിന്യ നിർമാർജനം സ്പിൽ ഓവർ)ൽ ബിൽ നം CB No 23/19-20 പ്രകാരം മാറിയ 1566രൂപയുടെ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (23/7.12.2021) യ്ക്ക് രേഖകൾ ഹാജരാക്കിയെന്നാണ് മറുപടി ലഭിച്ചതെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

വിഴിഞ്ഞം സി എച്ച് സി

1.പദ്ധതി നമ്പർ30 (ദൈനംദിന ഓഫീസ് ചിലവുകൾ)ൽ, ബിൽ നം CB No 38/19-20 പ്രകാരം മാറിയ 3344 രൂപയിൽ ഹാജരാക്കിയ 1344 രൂപയുടെ ഡീസൽ ബില്ലിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2.പദ്ധതി നമ്പർ70(മാലിന്യ നിർമാർജനം)ൽ,

- ബിൽ നം CB No 28/19-20 പ്രകാരം മാറിയ 2711 രൂപയ്ക്ക് വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- ബിൽ നം CB No 4/19-20 പ്രകാരം മാറിയ 9460 രൂപയിൽ 4661 രൂപയുടെ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- ബിൽ നം CB No 31/19-20 പ്രകാരം മാറിയ 20564 രൂപയിൽ 2820 രൂപയുടെ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (17/7.12.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്.

## 1-35 എയ്റോബിക് വേസ്റ്റ് സംസ്കരണ യൂണിറ്റ് നിർമ്മാണത്തിൽ കണ്ടെത്തിയ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ബ്ലോക്ക് ഓഫീസ് കാമ്പൗണ്ടിൽ എയ്റോബിക് വേസ്റ്റ് സംസ്കരണ യൂണിറ്റ് നിർമ്മാണം (78/20) SO |
| അടങ്കൽ തുക | 758240/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് തുക | 735504/- |
| ബിൽനം തീയതി | 01/19-20 10.5.2019 251676/-<br>05/19-20 27.07.2019 483828/- |
| എം ബുക്ക് നം | 211/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി എസ് നം | LSGD/TS/2018-1990937 22.6.2018 |
| കരാറുകാരൻ | ശ്രീ. രഘു സി |
| പി.എ.സി | 735581.70 |

മേൽ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാതെ പ്രവൃത്തിയിൽ മാറ്റങ്ങൾ വരുത്തി, കാലതാമസത്തിന് പിഴ ഈടാക്കിയില്ല

1. പ്രവൃത്തി നിർവ്വഹണത്തിനുള്ള 26.12.2018 സെലക്ഷൻ നോട്ടീസിൽ പിഴ കൂടാതെ കരാർ വയ്ക്കേണ്ട തീയതി 10.01.2019 ആണെന്നും 11.01.2019 മുതൽ 20.01.2019 വരെ ഒരു ശതമാനം പിഴ ഈടാക്കി കരാറിൽ ഏർപ്പെടാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 18.01.2019 ലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ പി.എ.സി യുടെ ഒരു ശതമാനം 7355/- രൂപ പിഴ ഈടാക്കിയിട്ടില്ല.

2. എസ്റ്റിമേറ്റ് ഇനം 2 പ്രകാരം "Earth Work Excavation By Mechanical Means (Hydraulic Excavator)/manual Means In Foundation........ Ect " (2.8.1) എന്ന പ്രവൃത്തിയുടെ അളവ് അംഗീകരിച്ചിരിക്കുന്നത് 6.530cum @ 239.82/cum എന്നാണ് (Item Rate BoQ പ്രകാരം 6.530cum @236.2227). എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ എം ബുക്ക് പ്രകാരം 6.530cum അളവിന് അധികമായി 36m3 + 2.55m3 അളവിൽ പ്രവൃത്തി ചെയ്തതിന് തുക നൽകി. എം ബുക്കിൽ For Waste Pit At Canteen എന്ന് രേഖപ്പെടുത്തി ചെയ്തിരിക്കുന്ന പ്രവൃത്തി അനുമതിയും ആവശ്യകതയും നിർണ്ണയിച്ച് അംഗീകാരം ലഭ്യമാക്കാതെ ചെയ്തിരിക്കുന്നു.

3. എസ്റ്റിമേറ്റ് ഇനം 7 പ്രകാരം Structural Steel Work ......... എന്ന പ്രവൃത്തിയ്ക്ക് 130.2780 Kg അളവ് അംഗീകരിച്ചിരുന്നു. എന്നാൽ എം ബുക്ക് പ്രകാരം 146.66 Kg ന് അനുമതി ഇല്ലാതെ തുക നൽകി.

4. എസ്റ്റിമേറ്റ് ഇനം 8 പ്രകാരം Steel Work In Built Up Tubular Truss Etc. Complete..... എന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരം 370.0250kg അളവ് അംഗീകരിച്ചിരുന്നു. എന്നാൽ എം ബുക്ക് പ്രകാരം 864.524 Kg ന് അനുമതി ഇല്ലാതെ തുക നൽകി.

5. എസ്റ്റിമേറ്റ് ഇനം 9 പ്രകാരം Steel Work For Purlin/single Section With GI Pipe ....... എന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരം 125.4410kg അളവ് അംഗീകരിച്ചിരുന്നു. എന്നാൽ എം ബുക്ക് പ്രകാരം 282.54 Kg ന് അനുമതി ഇല്ലാതെ തുക നൽകി.

6. എസ്റ്റിമേറ്റ് ഇനം 29 പ്രകാരം Surface Dressing Of The Ground Including Removing Vegetation Etc ....... എന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരം 28sqm അളവ് അംഗീകരിച്ചിരുന്നു. എന്നാൽ എം ബുക്ക് പ്രകാരം 89sqm ന് അനുമതി ഇല്ലാതെ തുക നൽകി.

7. സാങ്കേതികാനുമതി പത്രിക പ്രകാരം പ്രവൃത്തിയുടെ കാലയളവ് നാല് മാസമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 18.01.2019 ൽ കരാറിൽ ഏർപ്പെടുകയും 15.6.2019 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. 17.5.2019 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. അധികകാലയളവിന് പി.എ.സി യുടെ ഒരു ശതമാനം 7355/- രൂപ പിഴ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21, തീയതി : 08.12.2021 ന് മറുപടിയോ റിവൈസ്ഡ് എസ്റ്റിമേറ്റോ ഹാജരാക്കിയിട്ടില്ല.

മേൽ ക്രമ നം 1, 7 എന്നിവയിലെ അപാകതകളുടെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്നും 14710/- രൂപ (7355+7355) പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതുമാണ്.

(ബി) ജൈവമാലിന്യ സംസ്കരണ പ്രക്രിയ കാര്യക്ഷമമല്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വളപ്പിൽ നാല് ബിൻ സ്ഥാപിച്ചതിൽ ഒരെണ്ണത്തിൽ മാലിന്യം നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ലാത്തതിനാൽ മാലിന്യസംസ്കരണ പ്രക്രിയ യഥാവിധി നടപ്പാകുന്നില്ലെന്ന് നേരിട്ട് പരിശോധിച്ച വേളയിൽ ബോധ്യമായിട്ടുണ്ട്. നാല് എയ്റോബിക് ബിൻ ഉപയോഗിക്കുന്ന വിധത്തിൽ ജൈവമാലിന്യം ശേഖരിക്കപ്പെടുന്നില്ല. എയ്റോബിക് ബിൻ പരിപാലനവും തുടർ നടത്തിപ്പും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 27/9.12.2021) മറുപടിയായി ക്യാന്റീൻ നടത്തിപ്പ്കാരുമായുള്ള കരാറിൽ ഉൾപ്പെടുത്തി പരിപാലന ചുമതല നിർവ്വഹിക്കുന്നു എന്നറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയ പരിധിയിലുള്ള കാന്റീനിൽ നിന്നും പരിമിതമായ അളവിൽ മാത്രം മാലിന്യം നിക്ഷേപിച്ച് വരുന്നു. നാല് എയ്റോബിക് ബിൻ ഉൾപ്പെടുന്ന യൂണിറ്റ് നിലവിൽഉപയോഗ്യശൂന്യമായിരിക്കുന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. പ്രോജക്ട് രൂപീകരണ വേളയിൽ ആവശ്യകത മുൻനിർത്തി പദ്ധതി തയ്യാറാക്കിയിരുന്നെങ്കിൽ കുറഞ്ഞ ചെലവിൽ ജൈവമാലിന്യ പ്രക്രിയ നടപ്പാക്കുന്നതിന് സാധിക്കുമായിരുന്നു. കോവിഡ് ലോക്ക് ഡൌൺ കാരണം ആവശ്യത്തിന് മാലിന്യം ലഭിക്കാത്തതിനാലാണ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകാത്തതെന്നും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തുടർ വർഷങ്ങളിൽ സംരക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഏഴ് ലക്ഷത്തിൽ പരം തുക വിനിയോഗിച്ചിട്ടും ജൈവമാലിന്യ സംസ്കരണപ്രക്രിയ കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി പണം ചെലവഴിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ പൂർണ്ണതോതിൽ ലക്ഷ്യം കൈവരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനുള്ള നിരീക്ഷണവും തുടർ പ്രവർത്തനങ്ങളും ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

## 1-36 PMAY ഭവന നിർമ്മാണ പദ്ധതി - വാർഷിക ധനകാര്യ പത്രുകയിലേയും, ചെലവ് പത്രുകയിലേയും വരവ് ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല – ചെലവ് രേഖകൾ ലഭ്യമാക്കിയില്ല 2087600/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പി.എം.എ വൈ ഭവന പദ്ധതി (100/20) |
| അടങ്കൽ തുക | 2087600 |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് തുക | 2087600 |
| ബിൽ നം തീയതി | 20/24.7.2019 700000/-<br>24/30.7.2019 1387600/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പഞ്ചായത്തുകളുടെ വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് സംയുക്തമായി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയ്ക്ക് ചെലവ് പത്രിക പ്രകാരം വികസന ഫണ്ടിൽ നിന്നും 2087600/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന അഞ്ച് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചതും, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച ഫണ്ടിന്റെയും വരവ് ചെലവ് വിവരങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് PMAY പദ്ധതിക്കായി തൻവർഷം ലഭിച്ചതും, ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | വരവ് തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|
| കരുംകുളം | 494000 | 1540000 | -1046000 |
| അതിയന്നൂർ | 310917 | 70000 | 240917 |
| വെങ്ങാനൂർ | 157667 | 70000 | 87667 |
| കാഞ്ഞിരംകുളം | 400000 | 210000 | 190000 |
| കോട്ടുകാൽ | 1500000 | 520000 | 980000 |
| ആകെ | 2862584 | 2410000 | 452584 |

കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രോ. നം.30/20 ലൂടെ പി.എം.എ.വൈ. പദ്ധതിക്കായി എസ്.സി.പി. ഫണ്ടിൽ നിന്നും ഒടുക്കിയ 1,07,000/- രൂപയുടെ വിശദാംശം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല, കൂടാതെ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല എന്നും മറുപടി നൽകി. PMAY ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കൾക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. സുലേഖ ചെലവ് പത്രികയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ വിഹിതവും ചെലവ് വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് രൂപീകരണ സമയത്ത് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ ലഭ്യമല്ലാതിരുന്നതിനാലാണ് സുലേഖയിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. ഇത് അംഗീകരക്കാവുന്നതല്ല. 2015 ൽ ആരംഭിച്ച പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും നിർബന്ധമായും ഈ പദ്ധതിയ്ക്ക് തുക വകയിരുത്തുന്നതാണ്. ഇപ്രകാരം വകയിരുത്തുന്ന തുക പദ്ധതി രൂപീകരണ ഫോറത്തിലും ചെലവ് പത്രികയിലും ഉൾപ്പെടുത്താത്തതിനാൽ ഓഡിറ്റിന് സമർപ്പിക്കുന്ന വാർഷിക കണക്കുകളിലും ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ പ്രതിഫലിക്കുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരം ലഭിച്ചതും നീക്കിയിപ്പുള്ളതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | 18-19 B4ഷെഡ്യൂൾ പ്രകാരം മുന്നിരുപ്പ് | 19-20 RP7, RP31 പ്രകാരം വരവ് | 19-20 B4ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 3877882 | 608832 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 4253820 | 3239793 |

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളും വാർഷിക കണക്കുകൾ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 2087600/- രൂപ വിനിയോഗിച്ചതിന്റെ ചെലവ് രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 9(3)/6.12.2021 ന് മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ലഭ്യമാക്കുന്നതുവരെ 2087600/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് PMAY പദ്ധതിക്കായി തൻവർഷം ലഭിച്ചതും, ചെലവഴിച്ചതുമായി തുകയുടെ വിശദാംശം ചുവടെ.

| ഗ്രാമപഞ്ചായത്തിന്റെ പേര് | വരവ് തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|
| കരുംകുളം | 494000 | 1540000 | -1046000 |
| അതിയന്നൂർ | 310917 | 70000 | 240917 |
| വെങ്ങാനൂർ | 157667 | 70000 | 87667 |
| കാഞ്ഞിരംകുളം | 400000 | 210000 | 190000 |
| കോട്ടുകാൽ * | 1500000 | 520000 | 980000 |
| ആകെ | 2862584 | 2410000 | 452584 |

* കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രോ. നം.30/20 ലൂടെ പി.എം.എ.വൈ. പദ്ധതിക്കായി എസ്.സി.പി. ഫണ്ടിൽ നിന്നും ഒടുക്കിയ 1,07,000/- രൂപയുടെ വിശദാംശം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം

| | 18-19 B4ഷെഡ്യൂൾ പ്രകാരം മുന്നിരുപ്പ് | 19-20 RP7, RP31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | 19-20 B4ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 3877882 | 3877882 | 0 | 608832 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 4253820 | 4253820 | 0 | 3239793 |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ നിന്നുള്ള ചെലവ് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളും വാർഷിക കണക്കുകൾ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | അതിയന്നൂർ ബ്ലോക്ക് പരിധിയിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ 58/20 | 759354 | 0 | 0 | 759354 |
| കെ.ഡബ്ല്യൂ.എ | അതിയന്നൂർ ബ്ലോക്ക് പരിധിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 60/20 | 446300 | 0 | 0 | 446300 |

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 1883842 | 759354 | 2643196 | 0 | 2643196 |
| കെ.ഡബ്ല്യൂ.എ | 1520094 | 446300 | 1966394 | 0 | 1966394 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ അധിക ധന സഹായം കോ-ഓപ്പറേറ്റീവ് ബാങ്ക് (5 എണ്ണം) * | സ.ഉ(കൈ) നം115/13/ തസ്വഭവ തി.22.3.13 | 54,99,000 | 3371090 | 3129532 | 1032048 | 241558 |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ (എം.എസ്) 207/2009 ത.സ്വ.ഭ.വ 07.11.09 | 62,76,200 | 1178234 | 1178234 | 903899 | 0 |

(ഖണ്ഡിക 1-2 ക്രമ നം. 9 കാണുക)

* ഐ.എ.വൈ. ലോൺ രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ. വാർഷിക കണക്കുകളിൽ ഐ.എ.വൈ വായ്പ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനം ഓഡിറ്റിനു ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വായ്പ 55,00,000/- രൂപയും, തൻവർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന തുക 33,64,710/-, തൻ വർഷാവസാനം തിരികെ ഒടുക്കാനുള്ള തുക 3,09,281/- രൂപയുമാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വർഷാവസാന വായ്പ കുടിശ്ശിക 2582547/- രൂപയുമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തി നൽകേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 5,26,56,074 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,53,93,196 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6880081 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 10,96,476 | സെക്രട്ടറി |
| 1-18 | 4,658 | സെക്രട്ടറി |
| 1-19 | 9,599 | സെക്രട്ടറി |
| 1-23 | 1,32,000 | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 1-25 | 3,30,659 | സി ഡി പി ഒ |
| 1-27 | 10,10,000 | പട്ടികജാതി വികസന ഓഫീസർ |
| 1-28 | 12,214 | സെക്രട്ടറി |
| 1-29 | 2,50,000 | വ്യവസായ വികസന ഓഫീസർ |
| 1-30 | 17,56,875 | സി.ഡി.പി.ഒ |
| 1-33 | 1,90,000 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പുല്ലുവിള (188434/- ഡോ.ആനി ടിങ്കിൾ തോമസ്, 1556/- ഡോ.സുനിത,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പുല്ലുവിള) |
| 1-36 | 20,87,600 | സെക്രട്ടറി |
| ആകെ | 68,80,081 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസ വും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവി ലാസം |
|---|---|---|
| ശ്രീ. ധീരജ് മാത്യു ജെ.ജെ , സെക്രട്ടറി | സെക്രട്ടറി, കായംകുളം മുനിസിപ്പാലിറ്റി | പുലരി ഹൗസ്, കോട്ടംവിളാകം, ആർസി സ്ട്രീറ്റ്, ബാലരാമപുരം പി.ഒ |
| ശ്രീ. ബാലചന്ദ്രൻ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | - | ശ്രീസദൻ, TC/27/1311 കോൺവെന്റ് റോഡ്, വഞ്ചിയൂർ |
| ശ്രീമതി.താര വി, സി ഡി പി ഒ | വിരമിച്ചു. | വടക്കതിൽ വീട്, നെടുങ്കാട്, കരമന പി.ഒ, തിരുവനന്തപുരം-2 |

| | | |
|---|---|---|
| ഷിബു ഷൈൻ,<br>വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ,<br>അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ഉഷസ്സ്, ചിറ്റാരം,<br>തിരുവനന്തപുരം പി.ഒ-695133 |
| മനോജ് എസ്.ആർ,<br>പട്ടികജാതി വികസന ഓഫീസർ | - | കീഴതോട്ടത്ത് പുത്തൻവീട്,<br>പരശുവെയ്ക്കൽ പി.ഒ, 695508 |
| ഡോ.ആനി ടിങ്കിൾ തോമസ്,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, പൂല്ലുവിള | - | VP2/571-A, ബഥാനിയ, ശങ്കരൻ നായർ റോഡ്, പെരുകാവ് പി.ഒ,<br>തിരുവനന്തപുരം |
| ഡോ.സുനിത,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, പൂല്ലുവിള | - | തോപ്പിൽ ഹൗസ്, വാളിക്കോട്,<br>നെടുമങ്ങാട് പി.ഒ, 695541 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LF/TDB&ഡി.475/09തീയതി 08.03.2013 | 8 |
| 1998-99 | LF/TDB&ഡി.476/09 തീയതി 30.03.2013 | 11 |
| 1999-00 | LF/TDB&ഡി.230/09 തീയതി 08.03.2013 | 5 |
| 2000-01 | LF/TDB &ഡി.477/09തീയതി 08.03.2013 | 8 |
| 2001-02 | LF/TDB &ഡി.765/08തീയതി 30.03.2013 | 3 |
| 2002-03 | LF/TDB &ഡി.765/08 തീയതി 01.04.2013 | 5 |
| 2003-04 | LF/TDB &ഡി.141/10 തീയതി 01.04.2013 | 5 |
| 2004-05 | LF/TDB &ഡി.141/10 തീയതി 07.08.2013 | 4 |
| 2005-06 | LF/TDB &ഡി.475/09 തീയതി 08.03.2013 | 9 |
| 2006-07 | KSA/TVM/ബി.പി.259/18 തീയതി 18.1.2018 | 4 |
| 2007-08 | KSA/TVM/ബി.പി.260/2018 തീയതി 18.1.2018 | 1 |
| 2008-09 | LF/TDB &ഡി.562/13 തീയതി 06.09.2013 | 4 |
| 2009-10 | KSA/TVM/ബി.പി.261/18 തീയതി 18.1.2018 | 1 |
| 2010-11 | LF/TDB &ഡി.320/13 തീയതി 27.09.2013 | 4 |

| | | |
|---|---|---|
| 2011-12 | LF/TDB പി.262/2018 തീയതി 18.1.2018 | 1 |
| 2012-13 | KSA/TVM/ബി.പി.263/2018 തീയതി 18.1.2018 | 2 |
| 2013-14 | LF/TDB.പി.264/2018 തീയതി 18.1.2018 | 3 |
| 2014-15 | KSA/TVM/.ബി.പി1265/2018 തീയതി 18.1.2018 | 1 |
| 2015-16 | LF/TDB.ബി&ഡി.211/17 തീയതി 31.01.17 | 17 |
| 2016-17 | KSA/TVM/.ബി.പി./2027/2017 തീയതി 7.11.2017 | 7 |
| 2017-18 | KSA/TVM/ബി.പി./1722/2018 തീയതി 10.10.18 | 10 |
| 2018-19 | KSA/TVM/.ബി.പി./2241/2019 തീയതി 18.05.20 | 34 |

ഒപ്പ്

ജോയിന്റ് ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്